# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 8, ബുധന്‍

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--244]**

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യ നമ്പര്‍ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : 2209 മുതല്‍ 2319 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 2320 മുതല്‍ 2370 വരെ |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : 2371 മുതല്‍ 2398 വരെ |
| പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 2399 മുതല്‍ 2452 വരെ |

### കൊല്ലം ജില്ലാശുപത്രിയിലെ വികസന പ്രവര്‍ത്തനങ്ങള്‍

2209. **ശ്രീ.പി.കെ.ഗുരുദാസന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ വന്നതിനുശേഷം കൊല്ലം ജില്ലാശുപത്രിയില്‍ നടപ്പിലാക്കിയ വികസന പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാം എന്ന് വിശദമാക്കുമോ;

(ബി) 2015-16 ല്‍ കൊല്ലം ജില്ലാശുപത്രിയില്‍ നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്ന വികസന പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ക്യാന്‍സര്‍ രോഗികളുടെ എണ്ണം വര്‍ദ്ധിക്കുന്ന സാഹചര്യത്തില്‍ കൊല്ലം ജില്ലാശുപത്രിയില്‍ ക്യാന്‍സര്‍ ചികിത്സാ യൂണിറ്റ് ആരംഭിക്കാന്‍ അടിയന്തര നടപടി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ വിശദമാക്കുമോ;?

### മെഡിക്കല്‍ സര്‍വ്വീസസ് പ്രോജക്ടിനുവേണ്ടി വാങ്ങിയ ആംബുലന്‍സുകള്‍

2210. **ശ്രീ.ഇ.പി.ജയരാജന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2011 മെയ് മാസത്തിനുശേഷം കേരളാ എമര്‍ജന്‍സി മെഡിക്കല്‍ സര്‍വ്വീസസ് പ്രോജക്ടിനുവേണ്ടി ആകെ എത്ര ആംബുലന്‍സുകള്‍ വാങ്ങുകയുണ്ടായി;

(ബി) ആകെ എത്ര അഡ്വാന്‍സ് ലൈഫ് സപ്പോര്‍ട്ട് ആംബുലന്‍സുകള്‍ വാങ്ങുകയുണ്ടായി;

(സി) ആകെ എത്ര ബേസിക് ലൈഫ് സപ്പോര്‍ട്ട് ആംബുലന്‍സുകള്‍ വാങ്ങുകയുണ്ടായി;

(ഡി) മത്സരാധിഷ്ഠിത ടെന്‍ഡറുകള്‍ മുഖേനയാണോ വാങ്ങിയതെന്നു വ്യക്തമാക്കുമോ;

(ഇ) എത്ര കമ്പനികൾ ടെൻഡർ സമർപ്പിച്ചുവെന്നും ഏതെല്ലാം കമ്പനികളായിരുന്നുവെന്നും വ്യക്തമാക്കുമോ;

(എഫ്) ഏതു കമ്പനിയുടെ ടെൻഡറാണ് അംഗീകരിച്ചതെന്നും ഓരോ ആംബുലൻസിനും എത്ര തുക വീതമാണ് വില നൽകിയതെന്നും വ്യക്തമാക്കുമോ?

സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി

T 2211. ശ്രീ.പി.തിലോത്തമൻ

,, മുല്ലക്കര രത്നാകരൻ

,, കെ.അജിത്

,, ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; ഇതിനായി എത്ര തുകയാണ് വകയിരുത്താനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ബി) പദ്ധതി പ്രകാരം എല്ലാവർക്കും സ്മാർട്ട് ഹെൽത്ത് കാർഡ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത കാർഡ് കൊണ്ടുള്ള പ്രയോജനങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ട്രസ്റ്റിലെ അംഗങ്ങൾ ആരെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിലേക്കുള്ള നിക്ഷേപം എങ്ങനെയാണ് കണ്ടെത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഡി.എം.ഇ യുടെ ശിപാർശ മറി കടന്നു നിയമനം

2212. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻമാരായ ഡോ. വരുൺ, ഡോ. വിജയാനന്ദ് എന്നിവരെ ,ഡി.എം.ഇ യുടെ ശിപാർശ മറി കടന്ന് തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിൽ നിയമിച്ചതിന്റെ കാരണം എന്താണെന്നു വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ചുള്ള മറ്റു വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പനി ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം

2213. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് ഡെങ്കി പനി, തക്കാളിപ്പനി, കുരങ്ങ് പനി, എലിപ്പനി, മലമ്പനി, ചിക്കൻ ഗുനിയ, മറ്റു വിവിധ തരം പനികൾ ബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക വീതം എത്ര പേർക്ക് നൽകിയെന്ന് വെളിപ്പെടുത്താമോ?

<u>ആശാ വർക്കർമാർ</u>

2214. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൻ കീഴിൽ എത്ര ആശാ വർക്കർമാരാണ് പ്രവർത്തിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി)

<u>പഴം, പച്ചക്കറികൾ എന്നിവയിൽ മാരകമായ കീടനാശിനികളുടെ ഉപയോഗം</u>

T 2215. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തിലെത്തുന്ന പഴം, പച്ചക്കറികൾ എന്നിവയിൽ മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പരശോധനകളാണ് നടത്തി വരുന്നത്; കൂടുതൽ ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ?

<u>ഡോ. ഷാനവാസിൻെ മരണത്തിന്മേലുള്ള അന്വേഷണം</u>

2216. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ സ്വദേശിയായ ഡോ. ഷാനവാസ് സർവ്വീസിലിരിക്കെ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ദേഹം എന്നാണ് സർവ്വീസിൽ പ്രവേശിച്ചതെന്നും അദ്ദേഹത്തിന്റെ സർവ്വീസ് കാലയളവിൽ ഏതൊക്കെ ആശുപത്രികളിൽ എത്ര കാലം ജോലി ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര സ്ഥലം മാറ്റത്തിനാണ് അദ്ദേഹം വിധേയനായിരുന്നിട്ടുള്ളത്;

(ഡി) ഈ സ്ഥലം മാറ്റങ്ങൾക്കൊക്കെ അദ്ദേഹം അപേക്ഷ നൽകിയിരുന്നുവോ; ഇല്ലെങ്കിൽ എന്തടിസ്ഥാനത്തിലായിരുന്നു സ്ഥലമാറ്റങ്ങൾ എന്ന് വ്യക്തമാക്കാമോ;

(ഇ) സർവ്വീസിലിരിക്കെ ഡോ. ഷാനവാസ് ശിക്ഷാനടപടികൾക്ക് വിധേയനായിട്ടുണ്ടോ;

(എഫ്) സസ്പെൻറ് ചെയ്യപ്പെട്ട ശേഷം വീണ്ടും സർവ്വീസിൽ പ്രവേശിച്ചത് (ഡിപ്പാർട്ട്മെന്റ് ആരോപിച്ച കുറ്റം തെളിയിക്കപ്പെടാത്തതിനെതുടർന്ന്)അദ്ദേഹത്തെ കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിലായിരുന്നോ;

(ജി) ഡോ. ഷാനവാസിനെ മേലുദ്യോഗസ്ഥന്മാർ മാനസികമായി പീഡിപ്പിച്ചിരുന്നതായുള്ള അദ്ദേഹത്തിന്റെ ടെലിഫോൺ സംഭാഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇദ്ദേഹത്തിന്റെ സ്ഥലം മാറ്റങ്ങൾക്ക് പിന്നിൽ മരുന്നു മാഫിയായിരുന്നു എന്നുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ആക്ഷേപം അന്വേഷിക്കുമോ; അകാരണമായി ഡോ. ഷാനവാസിനെ സ്ഥലം മാറ്റിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമോ?

## ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

2217. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ ;ഇതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ ;

(ബി) ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

## എൻ.ആർ.എച്ച്.എം. ന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികൾ

2218. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. ന്റെ നിയന്ത്രണത്തിലുള്ള ഏതെല്ലാം ആശുപത്രികൾക്ക് എം.എൽ.എ. ഫണ്ട്, അസറ്റ് ഡെവലപ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തികളും അടിസ്ഥാന സൗകര്യ വികസനവും നടത്തിയിട്ടുണ്ട് ; വിശദമായ പട്ടിക ലഭ്യമാക്കുമോ ?

## ഭക്ഷണ ശാലകളിലെ ഭക്ഷ്യ എണ്ണയുടെ പുനഃരുപയോഗം

T 2219. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോര ഭക്ഷണ - വിശ്രമശാലകളിലുൾപ്പെടെ വ്യാപകമായി ഉപയോഗിച്ച ഭക്ഷ്യ എണ്ണ വീണ്ടും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാൻസറടക്കം നിരവധി മാരകരോഗങ്ങൾക്ക് കാരണമാകുന്ന ഈ പ്രവർത്തി നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ;

(സി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ ;

(ഡി) ആയതിന്മേൽ എത്ര കേസ്സുകൾക്ക് നാളിതുവരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

## എല്ലാ പഞ്ചായത്തുകളിലും ആശുപത്രികൾ

2220. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, സി.പി.മുഹമ്മദ്

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ നിലവിലുണ്ടോ ; ഇതിൽ ഏത് വിഭാഗത്തിലുള്ള ആശുപത്രികളാണ് ഇല്ലാത്തതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഭാഗങ്ങളിലായി എത്ര ആശുപത്രികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

## ഭക്ഷ്യ വിഷബാധ

2221. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായി ഭക്ഷ്യ വിഷബാധ ഉണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധിച്ചി ട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ഭക്ഷ്യവിഷ ബാധകൾ റിപ്പോർട്ട് ചെയ്തെന്ന് വ്യക്തമാക്കാമോ ; ഭക്ഷ്യ വിഷബാധയേറ്റ് എത്ര പേർ മരിച്ചുവെന്നു വിശദമാക്കാമോ;

(സി) ഭക്ഷണം പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പിനു കീഴിൽ എത്ര ലാബുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ലാബുകളിൽ എത്ര ഭക്ഷണ പരിശോധന നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ പ്രമോഷൻ

2222. ശ്രീ.സി.മോയിൻ കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ പ്രമോഷൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച സീനിയോറിറ്റി ലിസ്റ്റ് ഏറ്റവും ഒടുവിൽ തയ്യാറാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ ; രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ.-ന് ഒന്നാം ഗ്രേഡായി പ്രമോഷൻ നല്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) എട്ടു വർഷത്തിലേറെ പിന്നോക്ക ജില്ലയിലുൾപ്പെടെ അന്യജില്ലാ സർവ്വീസുള്ള

ജെ.പി.എച്ച്.എൻ.-ന് സീനിയോറിറ്റി നഷ്ടമാകാതെ സ്വന്തം ജില്ലയിലേക്ക് ട്രാൻസ്ഫർ ലഭിക്കാൻ അർഹതയുണ്ടോ ; ഇല്ലെങ്കിൽ, വർഷങ്ങളോളം അന്യജില്ലകളിൽ സേവനമനുഷ്ഠിക്കുന്നവർക്ക് സ്വന്തം ജില്ലയിൽ ജോലി ചെയ്യാൻ അവസരം ലഭിക്കത്തക്കവിധം നിയമവ്യവസ്ഥകളിൽ മാറ്റം വരുത്തുമോ?

<u>ആരോഗ്യ വകുപ്പിലെ ഒഴിവുകൾ</u>

2223. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ്, സ്റ്റാഫ് നേഴ്സ്, ജൂനിയർ പി.എച്ച്.എൻ, എൽ.എച്ച്.ഐ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എന്നിവരുടെ ജില്ല തിരിച്ചുള്ള നിലവിലുള്ള ഒഴിവുകൾ ലഭ്യമാക്കാമോ?

<u>കുറഞ്ഞ നിരക്കിൽ രോഗ നിർണ്ണയ പരിശോധനകൾ</u>

2224. ശ്രീ.സി.ദിവാകരൻ

,, വി.ശശി

,, ജി.എസ്.ജയലാൽ

,, ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കുറഞ്ഞ നിരക്കിൽ രോഗ നിർണ്ണയ പരിശോധനകൾ നടത്തുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പരിശോധനകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും എത്രത്തോളം നിരക്ക് കുറച്ചാണ് സർക്കാർ ആശുപത്രികളിൽ പരിശോധനകൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) സർക്കാർ ആശുപത്രികളിൽ സൗജന്യ രോഗ നിർണ്ണയ പരിശോധനകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ ?

<u>വയനാട് ജില്ലയിൽ കുരങ്ങുപനി</u>

2225. ശ്രീ.ഇ.പി.ജയരാജൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, കെ.കെ.നാരായണൻ

,, പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പടർന്ന് പിടിക്കുന്ന കുരങ്ങുപനി നിയന്ത്രിക്കുന്നതിൽ വിജയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കുമോ;

(സി) രോഗവ്യാപനം തടയുന്നതിനും രോഗപ്രതിരോധത്തിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ?

## ഭക്ഷ്യ വസ്തുക്കളിൽ മായം

2226. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പാക്കറ്റ് വെളിച്ചെണ്ണ, പാൽ എന്നിവയിൽ അപകടകരമാംവിധം മായം കലർന്നതാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വിഭാഗം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ് ; ഏതെല്ലാം കമ്പനികളുടെ പാക്കറ്റ് വെളിച്ചെണ്ണ, പാൽ അപകടകരമായ വിധത്തിൽ മായം കലർന്നതെന്ന് വിശദമാക്കാമോ ;

(സി) ഭക്ഷ്യ വസ്തുക്കളിൽ ശരീരത്തിന് ദോഷകരമായ മായം കലരുന്നത് പരിശോധിച്ച് കണ്ടെത്തുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ?

## പോലീസ് സർജന്മാരുടെ നിയമനം

2227. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന പതിനൊന്ന് ഫോറൻസിക് മെഡിസിൻ സ്പെഷ്യലിസ്റ്റുകളിൽ പാലക്കാട് ജില്ലാ പോലീസ് സർജൻ ഒഴികെ ആരെയും പോലീസ് സർജൻമാരായി നിയമിക്കാത്തതിനാൽ മെഡിക്കൽ കോളേജില്ലാത്ത ജില്ലകളിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്നറിയിക്കുമോ;

(ബി) ആരോഗ്യ വകുപ്പിലെ ജില്ലാ പോലീസ് സർജൻ തസ്തികകൾ സ്പെഷ്യാലിറ്റി കേഡറിലെ ഫോറൻസിക് മെഡിസിൻ തസ്തികകൾക്ക് അനുസൃതമായി ജൂനിയർ കൺസൾട്ടന്റിനെ അസിസ്റ്റന്റ് പോലീസ് സർജനായും കൺസൾട്ടന്റിനെ ഡെപ്യൂട്ടി പോലീസ് സർജനായും സീനിയർ കൺസൾട്ടന്റിനെ പോലീസ് സർജനായും പുനർ നാമകരണം ചെയ്യണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ശിപാർശ അംഗീകരിച്ച് ഓരോ ജില്ലയിലും ഒരു പോലീസ് സർജന്റെയെങ്കിലും സേവനം ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

## പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ്

2228. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ് കഴിഞ്ഞ മുപ്പതു വർഷത്തിനിടെ ഒരിക്കൽ പോലും പരിഷ്കരിച്ചിട്ടില്ലാത്തതിനാൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ പ്രകാരം ആറായിരം രൂപ, എണ്ണായിരം രൂപ നിരക്കിൽ പരിഷ്കരിക്കാമെന്ന് സർക്കാർ നൽകിയ വാഗ്ദാനം നടപ്പാക്കിയോ ;

(ബി) വർഷങ്ങളായി ഉന്നയിക്കപ്പെടുന്ന ഈ ആവശ്യം ശമ്പള പരിഷ്കരണ കമ്മീഷന് അയക്കില്ലെന്നും അടിയന്തരമായി നടപ്പാക്കുമെന്നും കഴിഞ്ഞ വർഷം നൽകിയ വാഗ്ദാനം പാലിക്കപ്പെട്ടോ ; വ്യക്തമാക്കുമോ ?

<u>ഹോമിയോ, ആയുർവേദ ഡിസ്പെൻസറികൾ</u>

2229. ശ്രീ.ഷാഫി പറമ്പിൽ

,, അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര ഹോമിയോ ഡിസ്പെൻസറികളും ആയുർവേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ആയുർവേദ ചികിൽസാ സൗകര്യങ്ങൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിൽസ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2011 ന് ശേഷം ഇതുവരെ എത്ര ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>വയനാട്, തിരുവനന്തപുരം, ഹരിപ്പാട് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജ്</u>

2230. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.വി.ശിവൻകുട്ടി

,, സി.കെ സദാശിവൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്, തിരുവനന്തപുരം, ഹരിപ്പാട് എന്നിവിടങ്ങളിൽ പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഇവ ഓരോന്നിനുമായി ഇതുവരെ അനുവദിച്ച തുകയും അതിന്റെ വിനിയോഗവും അവലോകനം ചെയ്തിട്ടുണ്ടോ;

(സി) ഇവ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; എന്ന് പ്രവർത്തനം തുടങ്ങാനാവുമെന്നാണ് ഇപ്പോൾ കണക്കാക്കുന്നത്;

(ഡി) ഇവ ഓരോന്നും ഏത് മേഖലയിലാണ് സ്ഥാപിക്കുന്നത്; നിക്ഷേപകരെ കണ്ടെത്തിയത്

ഏത് നിലയിലാണ്; ഇതിനായി സർക്കാർ ലഭ്യമാക്കിയ ഭൂമി എത്ര ഏക്കർ വീതം; വിശദമാക്കാമോ?

<u>രാമറാവു താലൂക്ക് ആശുപത്രിയിൽ തസ്തിക അനുവദിക്കൽ</u>

2231. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡറിലുള്ള ഡോക്ടർമാർ ഉൾപ്പെടെയുള്ള വിവിധ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുടെ തസ്തിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത ആവശ്യം ന്യായമാണെന്ന് ബോദ്ധ്യമുണ്ടെങ്കിൽ അനുകൂലനടപടി സ്വീകരിക്കുമോ?

<u>ആലപ്പുഴ ജനറൽ ആശുപത്രിയുടെ അവസ്ഥ</u>

2232. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പട്ടണത്തിൽ സ്ഥിതിചെയ്യുന്നതും മെഡിക്കൽ കോളേജ് ആശുപത്രിയായി പ്രവർത്തിക്കുന്നതുമായ ആലപ്പുഴ ജനറൽ ആശുപത്രിയുടെ ഇന്നത്തെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ;

(ബി) ആവശ്യത്തിനു ഡോക്ടറോ പാരാമെഡിക്കൽ ജീവനക്കാരോ ഇല്ലാത്തതും അവശ്യമരുന്നുകളുടെ അഭാവവും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയെ കാലാനുസൃതമായി പരിഷ്കരിക്കാനും അവശ്യമരുന്നും ജീവനക്കാരും ഉണ്ടെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ?

<u>കൊല്ലം ജില്ലാ ആയൂർവേദാശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ</u>

2233. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൊല്ലം ജില്ലാ ആയൂർവേദാശുപത്രിയിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കൊല്ലം ജില്ലാ ആയൂർവേദാശുപത്രിയിൽ വൃദ്ധജനപരിപാലന കേന്ദ്രം, ഉപകരണങ്ങൾ, ലാബുകൾ എന്നിവ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>മഴക്കാല പൂർവ്വ ശുചീകരണം</u>

2234. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ ശുചീകരണത്തിനായി ആരോഗ്യവകുപ്പ് 2015 വർഷത്തിൽ എന്തു തുക വകയിരുത്തിയെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

<u>അനധികൃത ലാബുകളും സ്കാനിംഗ് സെന്ററുകളും</u>

2235. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ക്ലിനിക്കൽ ലാബുകൾക്കും സ്കാനിങ് സെന്ററുകൾക്കും നിലവിൽ സർക്കാർ രജിസ്ട്രേഷൻ നിർബന്ധമാണോ ; എങ്കിൽ അംഗീകൃത സെന്ററുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) യോഗ്യതാ മാനദണ്ഡമില്ലാത്ത ലാബുകൾ അടച്ചുപൂട്ടുന്നതിനും യോഗ്യരായ ജീവനക്കാരാണ് ലാബുകളിൽ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ലാബുകളും, സ്കാനിംഗ് സെന്ററുകളും നിയന്ത്രിക്കുന്നതിനും രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യകതമാക്കാമോ ?

<u>ആലപ്പുഴ മെഡിക്കൽ കോളേജിലെ ഒഴിവുള്ള തസ്തികകൾ</u>

2236. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്രയാണ്; ഇതിൽ നിലവിൽ ജോലി ചെയ്യുന്നവർ എത്രയെന്നും ഒഴിവുകൾ എത്രയെന്നും അറിയിക്കുമോ;

(ബി) നിലവിൽ ഒഴിവുള്ള തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു; ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്ര പി.ജി. സീറ്റുകളുണ്ട്; വിഭാഗം തിരിച്ച് വ്യക്തമാക്കാമോ?

<u>ചേലക്കര മണ്ഡലത്തിലെ സാമൂഹ്യക്ഷേമ -പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ</u>

2237. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ സാമൂഹ്യക്ഷേമ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ഏതെല്ലാമാണെന്ന് പറയാമോ;

(ബി) ഈ സ്ഥാപനങ്ങളിൽ ജെ.പി.എച്ച്.എൻ ഗ്രേഡ് I ഗ്രേഡ് II , ജെ.എച്ച്.ഐ ഗ്രേഡ് I ഗ്രേഡ് II എന്നിവയിൽ എത്ര തസ്തിക വീതം നിലവിലുണ്ടെന്നും, നിലവിൽ എത്ര പേർ വീതം ജോലി ചെയ്യുന്നുവെന്നും എന്നു മുതൽ പ്രസ്തുത ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നുവെന്നും

പറയാമോ;

(സി) എന്തുകൊണ്ടാണ് ദീർഘകാലമായി ഈ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കാത്തതെന്നും അതിനു കാരണക്കാർ ആരെന്നും വിശദമാക്കാമോ;

(ഡി) ദീർഘകാലമായി ഈ മേഖലയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാതെ ആരോഗ്യ പരിപാടികളിൽ വീഴ്ച വരുത്തുന്നത് സംബന്ധിച്ച് ഗൗരവമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ;

(ഇ) നിലവിൽ ഈ തസ്തികകളിലെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ?

<u>പൊന്നാനി താലൂക്ക് ആശുപത്രിയിൽ ബ്ലഡ്ബാങ്കിൽ സ്റ്റാഫിന്റെ അപര്യാപ്തത</u>

2238. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ്ബാങ്ക് ടെക്നീഷ്യൻ ഇല്ലാത്തത് മൂലം ബ്ലഡ് സ്റ്റോറേജ് സെന്റർ അടക്കമുള്ള സംവിധാനം പ്രവർത്തിപ്പിക്കുന്നതിന് പ്രയാസമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് PSC ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അടിയന്തിരമായി നിയമനം നടത്താമോ;

(സി) PSC ലിസ്റ്റ് ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പൊന്നാനി താലൂക്ക് ആശുപത്രിയിൽ അനസ്തേഷ്യ ഡോക്ടറുടെ വേതനം.</u>

2239. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഗവഃ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ താൽക്കാലികമായി വിളിക്കുന്ന അനസ്തേഷ്യ ഡോക്ടർക്ക് എത്ര മാസത്തെ വേതനം കുടിശ്ശികയുണ്ട് എന്ന് അറിയിക്കാമോ;

(ബി) എന്തുകൊണ്ടാണ് ഇത്ര കുടിശ്ശിക വരുത്തുന്നത്;

(സി) പ്രസ്തുത ഡോക്ടറെ കിട്ടാതായാൽ തീരദേശത്തെ ഈ ആശുപത്രിയിൽ പ്രസവ ശസ്ത്രക്രിയ അടക്കം മുടങ്ങി പോകുന്നതിന് കാരണമാകുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) അടിയന്തിരമായി വേതന കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ന് കൊടുക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>പൂക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ</u>

2240. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നഗരസഭയിലെ പൂക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ വിഷയമുന്നയിച്ച് വിവിധ സംഘടനകൾ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## സ്വകാര്യ ലാബ് തുടങ്ങുന്നതിനുള്ള ലൈസൻസ്

2241. ശ്രീ.കെ.ശിവദാസൻ നായർ

,, എം.പി.വിൻസെൻറ്

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലാബ് തുടങ്ങുന്നതിനുള്ള നടപടി ക്രമം വിശദമാക്കുമോ;ഒരു ഷോപ്പ് ലൈസൻസ് മാത്രമുണ്ടെങ്കിൽ ലാബുകൾ തുടങ്ങാമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ലാബുകൾ പരിശോധനകൾക്ക് തോന്നിയതുപോലെ നിരക്ക് ചുമത്തുന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ നിരക്ക് നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) സർക്കാർ ലബോറട്ടറികളുടെ ശാക്തീകരണത്തിനായി സർക്കാർ അനലിസ്റ്റ് ലബോറട്ടറി, പബ്ലിക് ഹെൽത്ത് ലാബ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് എന്നിവ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(ഡി) സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ പരിശോധന നടത്തുന്നതിന് പൊതുമേഖലാ ലാബുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ വിശദമാക്കുമോ?

## പ്രാഥമിക ആരോഗ്യ രംഗം സമഗ്രമായി വികസിപ്പിക്കുവാൻ പദ്ധതി

2242. ശ്രീ.കെ.ശിവദാസൻ നായർ

,, ജോസഫ് വാഴയ്ക്കൻ

,, വർക്കല കഹാർ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ചികിത്സക്കുള്ള പ്രതിശീർഷ ചെലവിൽ ഏറ്റവും മുന്നിലാണ് കേരളമെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ സാഹചര്യം ഒഴിവാക്കാൻ പൊതു മേഖലയിലെ പ്രാഥമിക ആരോഗ്യ രംഗം സമഗ്രമായി വികസിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരും, മരുന്നും, സേവനവും ഉറപ്പാക്കിയാൽ ചികിത്സാ ചെലവ് എത്രകണ്ട് കുറക്കാനാകുമെന്ന് വ്യക്തമാക്കുമോ;

ഇതിനാവശ്യമായ നടപടി കൈക്കൊള്ളുമോ;

(ഡി) ഏറ്റവും ചെലവേറിയ മരുന്നുകൾ, ലാബ് പരിശോധന, സ്കാനിംഗ് എന്നിവ പൊതുമേഖലാ കേന്ദ്രങ്ങൾ മുഖേന സാർവ്വത്രികമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കായംകുളം നഗരസഭാ പ്രദേശത്തെ ഡെങ്കിപ്പനി പ്രതിരോധ നടപടികൾ

2243. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭാ പ്രദേശത്ത് ഡെങ്കിപ്പനി പടരാൻ സാധ്യത ഏറെയുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് ഡെങ്കിപ്പനി പ്രതിരോധിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തലശ്ശേരി ജനറൽ ആശുപത്രിയോടനുബന്ധിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

2244. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ജനറൽ ആശുപത്രിയോടനുബന്ധിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

പക്ഷാഘാത ചികിത്സ

2245. ശ്രീ.ബെന്നി ബെഹനാൻ

,, കെ.അച്ചുതൻ

,, ജോസഫ് വാഴയ്ക്കൻ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ; എന്തെല്ലാം ചികിത്സാസൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി ടെലി ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പക്ഷാഘാത രോഗികൾക്ക് സ്ട്രോക്ക് റിഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കുവാൻ

ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

### സ്വകാര്യ ലാബുകളിലെ ലിംഗനിർണ്ണയ പരിശോധനകൾ

2246. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലാബുകളിൽ ലിംഗനിർണ്ണയ പരിശോധനകൾ നടക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

(സി) സ്വകാര്യ ആശുപത്രികളിലെ ലാബുകളിൽ ലിംഗനിർണ്ണയ പരിശോധനകൾ നടത്തുന്നത് തടയുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ഡി) മുൻ വർഷം എത്ര സ്വകാര്യ ആശുപത്രികളിൽ ഇത് കണ്ടെത്തുന്നതിന് പരിശോധന നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

### പരമ്പരാഗത ചികിത്സാ രീതി

2247. **ശ്രീ.വി.ഡി.സതീശൻ**
**,, എം.എ. വാഹീദ്**
**,, എ.റ്റി.ജോർജ്**
**,, എ.പി.അബ്ദുള്ളക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ചികിത്സാ രീതികളുടെ പരിപോഷണത്തിന് പുതിയ വകുപ്പ് രൂപീകരിക്കുന്നതിന് തീരുമാനമായോ; വിശദമാക്കുമോ;

(ബി) പരമ്പരാഗത ചികിത്സാ രീതികളിൽ ഏതൊക്കെ വിഭാഗങ്ങളാണ് ഉൾപ്പെടുന്നതെന്നും ഇത് അഭിമുഖീകരിക്കുന്ന പ്രതിബന്ധങ്ങളന്തെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത ചികിത്സയുമായി ബന്ധപ്പെട്ട് ചികിത്സകരുടെ നിയമനം, ആരോഗ്യ പരിപാലനം എന്നിവ എങ്ങനെയാണ് നിർവ്വഹിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ബഡ്ജറ്റിൽ ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ; കേന്ദ്രസഹായം ലഭിക്കാൻ നടപടി സ്വീകരിക്കുമോ വിശദമാക്കുമോ;

### കാൻസർ രോഗികളുടെ എണ്ണം

2248. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര കാൻസർ രോഗികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>കാൻസർ രോഗികളുടെ വർദ്ധന</u>

2249. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരിൽ ഭൂരിഭാഗം പേരിലും കാൻസർ കണ്ടെത്തിയിട്ടുള്ളത് അവസാന സമയത്താണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ഒഴിവാക്കുന്നതിനായി എല്ലാ പി.എച്ച്.സി.കളിലും കാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>കീടനാശിനി പ്രയോഗിച്ച പച്ചക്കറി ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ</u>

T 2250. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴങ്ങളും പച്ചക്കറികളും കീടനാശിനി അമിതമായി ഉപയോഗിച്ചവയാണോ എന്ന് പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്നും എവിടെയൊക്കെയാണ് ഉള്ളതെന്നും വിശദമാക്കാമോ;

<u>അവയവമാറ്റ ശസ്ത്രക്രിയ</u>

2251. **ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

**,,** ടി.എ.അഹമ്മദ് കബീർ

**,,** സി.മമ്മൂട്ടി

**,,** വി.എം.ഉമ്മർ മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് നിലവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ലിവർ ട്രാൻസ്പ്ലാന്റേഷൻ സൗകര്യം ഇല്ലാത്ത മെഡിക്കൽ കോളേജുകളിൽ ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ;

(സി) അവയവമാറ്റ ശസ്ത്രക്രിയകൾക്ക് അനിവാര്യമായ ആധുനിക അടിസ്ഥാന സൗകര്യങ്ങളും യന്ത്രസാമഗ്രികളും ഏർപ്പെടുത്തുന്നതിനും ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുമുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?

## ഹെൽത്ത് സെന്ററുകളിലെ ജീവനക്കാരുടെ അപര്യാപ്തത

2252. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററുകളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ആവശ്യമായ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും തസ്തിക ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) റാന്നി നിയോജക മണ്ഡലത്തിൽ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും പ്രൈമറി ഹെൽത്ത് സെന്ററുകളും ഉണ്ട് ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിൽ തസ്തികയ്ക്കനുസരിച്ച് ഡോക്ടർമാരും മറ്റു ജീവനക്കാരും ഉണ്ടോ ; ഓരോ സെന്ററിലും ഉള്ള ഡോക്ടർമാരുടെയും ജീവനക്കാരുടെയും എണ്ണം എത്രയെന്ന് വിശദമാക്കാമോ ;

(ഡി) തസ്തികയ്ക്കനുസരിച്ച് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) മലയോരമേഖലയിലെ പാവപ്പെട്ട ജനങ്ങൾ ചികിത്സയ്ക്കായി മണിക്കൂറുകൾ കാത്തു നിൽക്കേണ്ടിവരുന്നതും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(എഫ്) സർക്കാർ ചികിത്സാ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരെയും മരുന്നും മറ്റു ജീവനക്കാരെയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## ചാവക്കാട് താലൂക്ക്ഹോസ്പിറ്റലിന്റെ പ്രവർത്തനം

2253. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ മതിയായ ഡോക്ടർമാരില്ലാത്തതിനാൽ പൊതുജനങ്ങൾ കഷ്ടതയനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവിടേക്ക് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ചാവക്കാട് താലൂക്ക് ഹോസ്പിറ്റലിൽ നഴ്സ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## വൈറ്റമിൻ എ വിതരണം

2254. ശ്രീ.കെ.ശിവദാസൻ നായർ
,, പി.എ.മാധവൻ
,, അൻവർ സാദത്ത്

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച "വൈറ്റമിൻ എ" യുടെ വിതരണം മറികടക്കാൻ സ്വീകരിച്ചിട്ടുള്ള അടിയന്തര മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(ബി) ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശ പ്രകാരം കേന്ദ്ര സർക്കാർ സൗജന്യമായി വിതരണം ചെയ്തിരുന്ന പ്രസ്തുത മരുന്നിന്റെ വിതരണം പുന:സ്ഥാപിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) അടിയന്തര ആവശ്യം നേരിടാൻ വൈറ്റമിൻ എ കെ.എം.എസ്.സി. . മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

## അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ

2255. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ട് മുഖേന ആകെ എത്ര അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളാണ് സംസ്ഥാനത്തുള്ളത് ;

(ബി) ഇതിൽ ഓരോ ജില്ലയിലും എത്ര ആംബുലൻസ് സർവ്വീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) ഓരോ ജില്ലയിലും എത്ര ആംബുലൻസുകളാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളത് ;

(ഡി) പ്രവർത്തനക്ഷമമല്ലാത്ത ആംബുലൻസുകൾ പ്രവർത്തന സജ്ജമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

2256. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് റിപ്പോർട്ട് ആവശ്യപെട്ടിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട് നാളിതുവരെയും ധനകാര്യ വകുപ്പിനു നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## അട്ടപ്പാടി മേഖലയിലെ ആശുപത്രികളുടെ അടിസ്ഥാന വികസനം

2257. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുമരണങ്ങളെ തുടർന്ന് അട്ടപ്പാടി മേഖലയിൽ ആരോഗ്യവകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അട്ടപ്പാടി മേഖലയിലെ ആശുപത്രികളുടെ അടിസ്ഥാന വികസനത്തനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) രണ്ട് വർഷത്തിനിടയിൽ എത്ര പുതിയ തസ്തികകൾ ഈ മേഖലയിൽ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത മേഖലയിൽ ആരോഗ്യ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിലായി ജീവനക്കാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശങ്ങൾ നൽകുമോ?

## കാസർകോട് ജില്ലയിലെ സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ

2258. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് സ്കാനിംഗ് സൗകര്യം, ലാബ് സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുള്ളതെന്നും, ഇവ ലഭ്യമാകുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ജില്ലയിലെ സ്വകാര്യ സ്കാനിംഗ് സെന്ററുകളിലും, ലാബുകളിലും അമിത ചാർജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇത്തരം സെന്ററുകളിലെ ചൂഷണം തടയുന്നതിന് ഏകീകൃത വിലനിയന്ത്രണ പട്ടിക ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാസർകോട് ജില്ലയിൽ ഡയാലിസിസിന് സൗകര്യം

2259. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ വൃക്ക രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലയിൽ നിലവിൽ ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യമുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) രോഗികളുടെ വർദ്ധനവും സൗകര്യവും പരിഗണിച്ച് സർക്കാർ മേഖലയിൽ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം നിലവിൽ ഉണ്ടോ ; ഇല്ലെങ്കിൽ അത് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

## പഴങ്ങളിലും പച്ചക്കറികളിലും അനിയന്ത്രിതമായി കീടനാശിനികൾ

2260. **ശ്രീ.തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന പഴങ്ങളിലും പച്ചക്കറികളിലും അനിയന്ത്രിതമായി കീടനാശിനികൾ പ്രയോഗിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലെ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

## വിഷാംശമുള്ള പച്ചക്കറികളുടെ വരവ് തടയുന്നതിന് നടപടി

T 2261. **ശ്രീ.തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷാംശമുള്ള പച്ചക്കറികൾ കേരളത്തിലെത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് തമിഴ്നാട് സർക്കാരിന് കത്ത് അയച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ ലഭിച്ച മറുപടി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൻമേൽ എന്തൊക്ക നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കുറുപ്പന്തറ പി.എച്ച്.സി യിൽ - ഐ.പി യൂണിറ്റ്

2262. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-കുറുപ്പന്തറ പി.എച്ച്.സി യിൽ - ഐ.പി യൂണിറ്റ് ആരംഭിക്കുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് 26/7/2012-ൽ സ്ഥലം എം.എൽ.എ നൽകിയ ശിപാർശ കത്തിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ചുള്ള ആരോഗ്യ വകുപ്പിലെ ഫയൽ നമ്പർ അറിയിക്കാമോ: പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

## ക്യാൻസർ രോഗം അതിവേഗം പടർന്നുപിടിക്കുന്ന സാഹചര്യം

2263. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചികിത്സാ ചെലവ് ഗണ്യമായി വർദ്ധിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളുടെ ചികിത്സാ ചെലവ് കുറയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ;

(സി) പ്രാഥമികാരോഗ്യരംഗം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ക്യാൻസർ രോഗം അതിവേഗം പടർന്നുപിടിക്കുന്ന സാഹചര്യം അതിജീവിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) ക്യാൻസർ രോഗബാധിതർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>വിഷലിപ്തമായ ഭക്ഷണ പാനീയങ്ങൾ</u>

2264. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണനം ചെയ്യുന്ന ഭക്ഷണ പാനീയങ്ങളിൽ വ്യാപകമായ തരത്തിൽ മായം ചേരുന്നതായും, കീടനാശിനികൾ അമിതമായി ഉപയോഗിക്കപ്പെടുന്നവയുമാണെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ;

(ബി) എങ്കിൽ ഇവ കണ്ടെത്തുന്നതിനും, തടയുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(സി) ഇതുസംബന്ധമായി ജനങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജനങ്ങളുടെ പങ്കാളിത്തത്തോടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രിയിലെ അപര്യാപ്തതകൾ</u>

2265. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ; അവയുടെ ഓരോന്നിന്റെയും എണ്ണം എത്ര; വ്യക്തമാക്കാമോ; അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും നിലവിൽ ജീവനക്കാരുണ്ടോ; ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; ജില്ലാ ആയുർവ്വേദ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ എത്രപേർക്കുള്ള കിടത്തിചികിത്സാ സൗകര്യമാണുള്ളത്; ഇത്രയും പേരെ ചികിത്സിക്കാനാവശ്യമായത്ര ജീവനക്കാർ ഇവിടെയുണ്ടോ;

(സി) ആശുപത്രിയിൽ ലിഫ്റ്റോ, റാമ്പോ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇതുമൂലം ഇവിടെ എത്തുന്ന രോഗികളും കൂട്ടിരുപ്പുകാരും ജീവനക്കാരും ഏറെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ലിഫ്റ്റും, റാമ്പും സ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ.പി. ബ്ലോക്ക് നിർമ്മാണം</u>

2266. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ.പി. ബ്ലോക്ക് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച ശുപാർശയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എത്ര തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളതെന്നും എന്നത്തേക്ക് ഭരണാനുമതി ലഭ്യമാകുമെന്നും നിലവിലുള്ള ഫയൽ നമ്പർ ഏതാണെന്നും വ്യക്തമാക്കാമോ ?

## പുളിയഞ്ചേരി ആയുർവ്വേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം

2267. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നടപ്പാക്കാനായി ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള കൊയിലാണ്ടി നഗരസഭയിലെ പുളിയഞ്ചേരി എൻ.ആർ.എച്ച്.എം ആയുർവ്വേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണ പദ്ധതിയുടെ നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണ പദ്ധതിക്ക് എ.എസ്. നൽകുന്നതിന് നിലവിൽ എന്താണ് തടസ്സമെന്ന് വിശദമാക്കാമോ ?

## അന്യസംസ്ഥാന തൊഴിലാളികളുടെ - ആരോഗ്യ പ്രശ്നങ്ങൾ

T 2268. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികൾക്ക് പകർച്ച വ്യാധികൾ ഉണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അതു സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്ത പകർച്ച വ്യാധികളുടെ തിരിച്ചു വരവിനു കാരണമാകുമെന്നു മനസ്സിലാക്കിയിട്ടുണ്ടോ ; നിർബന്ധിത ആരോഗ്യ പരിശോധനയ്ക്ക് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(ബി) അന്യസംസ്ഥാനതൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ പഠിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ?

## വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രയാസങ്ങൾ

2269. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യവകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരെത്രയാണെന്ന് വിശദമാക്കുമോ;

(ബി) ശമ്പളം കാസർഗോഡ് ജില്ലയിലും ജോലി മറ്റൊരു ജില്ലയിലും ആകുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഏത് ഡോക്ടറെയാണ് വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റൊരു ജില്ലയിൽ നിയമിച്ചിട്ടുള്ളത് ; പകരം മറ്റൊരു ആളെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഡോക്ടറുടെ സേവനം ലഭിക്കാത്തതുകൊണ്ട് പ്രയാസപ്പെടുന്ന രോഗികളുടെ ദുരിതം ഇല്ലാതാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കാമോ?

<u>അനാവശ്യമായി ഹിസ്റ്റെരിക്ടമി ചെയ്യുന്നത് സംബന്ധിച്ച പഠനം</u>

2270. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ ഗ്രാമീണ മേഖലകളിൽ ഗർഭാശയവും അണ്ഡാശയവും അനാവശ്യമായി നീക്കം ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി നാഷണൽ ഫാമിലി ആന്റ് ഹെൽത്ത് സർവ്വേയിൽ വ്യക്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസവത്തിനുശേഷം ഗർഭപാത്രം നീക്കം ചെയ്യുന്ന ഹിസ്റ്ററെക്ടമിക് ശസ്ത്രക്രിയ്ക്ക് വിധേയരാകുന്ന സ്ത്രീകളുടെ എണ്ണം കേരളത്തിൽ എത്രയാണ്; ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ പരിശോധന</u>

2271. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്ത് നിന്ന് കേരളത്തിലേക്ക് എത്തുന്ന തൊഴിലാളികൾ പലതരത്തിലുള്ള മാരകമായ രോഗങ്ങൾ പരത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ സ്വീകരിക്കാൻ പോകുന്ന നടപടികളെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യ സംസ്ഥാനത്ത് നിന്ന് എത്തുന്ന തൊഴിലാളികളെ മെഡിക്കൽ പരിശോധന നടത്തി പല വിധത്തിലുള്ള അസുഖങ്ങളുണ്ടോ എന്ന് അറിയുന്നതിന് എന്തെങ്കിലും സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ ഗൗരവം മനസ്സിലാക്കി പ്രസ്തുത തൊഴിലാളികളെ മെഡിക്കൽ പരിശാധനയക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>വിഷലിപ്തമായ ഭക്ഷ്യോൽപന്നങ്ങളുടെ വിപണനം</u>

2272. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യോൽപന്നങ്ങളിൽ പലതും വിഷലിപ്തമായ പല വസ്തുക്കളും ചേർത്തവയാണ് എന്നത് പരിശോധിച്ച് കണ്ടെത്തി അവയുടെ വിപണനം തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ;

(ബി) എങ്കിൽ 2015-16 കാലയളവിൽ സംസ്ഥാനത്തുള്ള എന്തെല്ലാം ഭക്ഷ്യോൽപന്നങ്ങൾ മറ്റ

സംസ്ഥാനത്തുനിന്നും വിപണനത്തിനായി സംസ്ഥാനത്തെത്തുന്നുവെന്നും, ഇവ വിഷലിപ്തമാണോ അല്ലയോ എന്ന് പരിശോധിച്ച് കണ്ടെത്തിയവ ഏതെല്ലാം എന്നതിനെക്കുറിച്ച വിവരണം നല്കുമോ;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് വിതരണം തടഞ്ഞ ഭക്ഷ്യോൽപന്നങ്ങൾ ഏതെല്ലാമെന്നു വിശദമാക്കുമോ;

(ഡി) നെസ്ലേ മാഗി ന്യൂഡിൽസ് പല സംസ്ഥാനങ്ങളിലും പരിശോധനകളിൽ ഭക്ഷ്യയോഗ്യമല്ലെന്നും വിഷലിപ്തമാണെന്നും കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കേരളം എന്തു നടപടി സ്വീകരിച്ചുവെന്ന അറിയിക്കുമോ;

(ഇ) പ്രസ്തുത ഉൽപന്നം അതിനുശേഷവും സർക്കാർ/സ്വകാര്യ ഏജൻസികൾ വിപണനം നടത്തുന്നത് പരിശോധിച്ചുവോ; പ്രസ്തുത ഉൽപന്നവും അതുപോലുള്ള ഉൽപന്നങ്ങളും പഴവർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങിയവയും മറ്റും സംസ്ഥാന അതിർത്തികളിലെത്തുമ്പോൾ പരിശോധിക്കുന്നുണ്ടോ; ഏതെങ്കിലും ഉൽപന്നങ്ങൾ കൊണ്ടുവരുന്നതു തടഞ്ഞിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(എഫ്) മാഗി ന്യൂഡിൽസ് ഇന്ത്യയിലെ ഏതെല്ലാം സംസ്ഥാനത്ത് വിപണനം തടഞ്ഞിട്ടുള്ളതായി അറിയാമോ ;; എന്തു കാരണങ്ങളാലാണ് തടഞ്ഞതെന്നും ഇത്തരത്തിൽ മറ്റു സംസ്ഥാനങ്ങളിൽ വിപണനം തടഞ്ഞ ഏതെല്ലാം ഭക്ഷ്യോൽപന്നങ്ങൾ സംസ്ഥാനത്ത് നിലവിൽ വിപണനം നടത്തുന്നുവെന്നും വ്യക്തമാക്കുമോ?

## രക്തപരിശോധനാ ലാബുകൾ

2273. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ രക്തപരിശോധനാ ലാബുകൾക്കും അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അംഗീകാരമുള്ളവ എത്ര ; അംഗീകാരമില്ലാത്തവ എത്ര ; വെളിപ്പെടുത്താമോ ;

(സി) സ്വകാര്യ ലാബുകൾ രോഗികളിൽ നിന്ന് ഭീമമായ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനും ഈ മേഖലയിലെ പരിശോധനാ ചാർജ്ജ് ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്താമോ ?

## അസിസ്റ്റന്റ് ഡെന്റൽ സർജൻമാരുടെ നിയമനം

2274. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡെന്റൽ സർജെൻമ്മാർകു ഗവൺമെന്റ് ഡെന്റൽ കോളേജുകളിലേയ്ക്കുള്ള നിയമനം അനുവദനീയമാണോ ;

(ബി) എങ്കിൽ ആയതിനുള്ള നിബന്ധനകൾ വിശദമാക്കുമോ?

## അസിസ്റ്റന്റ് ഡെന്റൽ സർജൻമാരുടെ നിയമനം

2275. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഡെന്റൽ കോളേജിലേക്ക് ആരോഗ്യ വകുപ്പിൽ നിന്ന് എത്ര അസിസ്റ്റന്റ് ഡെന്റൽ സർജൻമാരെ മാറ്റി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവരുടെ പേരും, നിയമിക്കപ്പെട്ട തീയതിയും ലഭ്യമാക്കുമോ ?

## പഴങ്ങളിലെയും പച്ചക്കറികളിലെയും അമിത കീടനാശിനി പ്രയോഗം

2276. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതമായി കീടനാശിനി പ്രയോഗിച്ച പഴങ്ങളും പച്ചക്കറികളും പാലക്കാട് ജില്ലയിലെ വിപണികളിൽ വിൽപന നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരോഗ്യത്തിന് ഹാനികരമായ ഇത്തരം ഭക്ഷ്യ വസ്തുക്കൾ പിടിച്ചെടുക്കുന്നതിനായി കഴിഞ്ഞ 6 മാസത്തിനിടയിൽ ജില്ലയിൽ എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട് ;

(സി) ആരോഗ്യ വകുപ്പും ഭക്ഷ്യ സുരക്ഷാവകുപ്പും സംയുക്തമായാണോ ഇത്തരം റെയ്ഡുകൾ നടത്തുന്നത് ;

(ഡി) പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വ്യക്തമാക്കാമോ ?

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട്

2277. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ആക്ട് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

(ബി) പ്രസ്തുത ആക്ടിൽ സർക്കാർ ആശുപത്രികളും പ്രൈവറ്റ് ആശുപത്രികളും പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

## ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരമുള്ള ലൈസൻസും രജിസ്ട്രേഷനും

2278. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം എത്ര പേർ ലൈസൻസും രജിസ്ട്രേഷനും എടുത്തിട്ടുണ്ടെന്നും നിലവിൽ ഇനി എത്ര പേർ

ലൈസൻസും രജിസ്ട്രേഷനും എടുക്കാനുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യവിപണന മേഖലയിൽ ഭക്ഷ്യവിഷബാധ സംബന്ധിച്ച് എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട് ; എത്ര പേർ മരണപ്പെട്ടു ; ജില്ല തിരിച്ച് വിശദാംശം നല്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യവിഷബാധ തടയുവാനായി ഓരോ വർഷവും എത്ര റെയ്ഡുകൾ നടത്തിയെന്നും പിഴയിനത്തിൽ എത്ര തുക ലഭിച്ചുവെന്നും എത്ര സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കിയെന്നും അവയിൽ താൽക്കാലികം എത്രയെന്നും സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ഡി) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ എത്ര ജീവനക്കാരുണ്ട് ; എത്ര പേരുടെ ഒഴിവുകളുണ്ട്; എത്ര സർക്കിളുകളിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരില്ല ; ജില്ല തിരിച്ച് ഇവയെ സംബന്ധിക്കുന്ന വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഭക്ഷ്യസുരക്ഷാ വകുപ്പ് പുനസംഘടിപ്പിക്കുന്നത് സംബന്ധിച്ച പി.& എ.ആർ.ഡി വകുപ്പ പഠനം പൂർത്തിയായോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

## കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

2279. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട 10704/ഇ2/2014, 55176/ഇ2/2013 എന്നീ ഫയലുകളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ കൈവശമാണ് ഉള്ളത്;ഇതു സംബന്ധിച്ച് ഡി.എച്ച്.എസ് ന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാലതാമസം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ പുതിയ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് പുതിയ ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണം സബന്ധിച്ച് ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഡോക്ടർമാർ നൽകുന്ന അവ്യക്തമായ കുറിപ്പടികൾ

2280. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ നൽകുന്ന കുറിപ്പടികൾ പലപ്പോഴും അവ്യക്തവും ജനറിക് നെയിം എഴുതാത്തതും മൂലം മരുന്ന് വിതരണത്തിന് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി കുറിപ്പടി നൽകുന്നതിനെതിരെ എന്ത് നടപടിയാണ് സ്വീകരിയ്ക്കുന്നത് ;

(സി) രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധം വ്യക്തമായി, ജനറിക് നെയിം ഉൾപ്പെടെ

രേഖപ്പെടുത്തി കുറിപ്പടി നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ ?

## ഹോസ്റ്റലുകളും ഭക്ഷ്യസുരക്ഷയും

2281. **ശ്രീ.എം.പി.വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്റ്റലുകൾ, പേയിംഗ് ഗസ്റ്റ് സംവിധാനം ഇവയ്ക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് നിർബന്ധമാക്കുമോ ;

(ബി) അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം സംവിധാനങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുമോ ?

## ബയോമെഡിക്കൽ മാലിന്യപ്ലാന്റ്

T 2282. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ബഡ്ജറ്റിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ബയോമെഡിക്കൽ മാലിന്യപ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) സ്വകാര്യമേഖലയിലെ പങ്കാളിയായി ഏത് കമ്പനിയെയാണ് തെരഞ്ഞെടുത്തത്; പ്രസ്തുത കമ്പനി ഇതിനായി മുതൽ മുടക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക; വ്യക്തമാക്കാമോ?

## ഡോക്ടർമാരുടെ ഒഴിവുകൾ

2283. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ജലജന്യരോഗങ്ങൾ

2284. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ജലജന്യരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(ബി) ഇതിനായുള്ള മുൻ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നെന്നും എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

<u>ലഘുഭക്ഷണങ്ങളിലെ ലെഡ് സാന്നിധ്യം</u>

2285. ശ്രീ.റ്റി.വി.രാജേഷ്
,, വി.ശിവൻകുട്ടി
ശ്രീമതി.കെ.കെ.ലതിക
ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെസ് ലെ ഉല്പന്നമായ മാഗി നൂഡിൽസിൽ മാരകമായ തോതിൽ ലെഡ് ചേർത്തിട്ടുണ്ടെന്ന് ലബോറട്ടറി പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് ഉത്തർപ്രദേശ് സർക്കാർ പ്രസ്തുത ഉല്പന്നം നിരോധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(ബി) ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വ്യാപകമായി വില്ക്കുന്ന പ്രസ്തുത ഉല്പന്നത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിരുന്നോ ; ഈ ഉല്പന്നം നിരോധിക്കാനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനും നടപടി സ്വീകരിച്ചിരുന്നോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ;

(സി) മറ്റ് നിർമ്മാതാക്കളുടെ സമാന ഉല്പന്നങ്ങളും പരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നെസ് ലെ കമ്പനിയുടെ മറ്റ് ഉല്പന്നങ്ങളും ചീറ്റോസ്, കുർകുറെ പോലുള്ള ഉല്പന്നങ്ങളും പരിശോധനയ്ക്ക് വിധേയമാക്കാൻ തയ്യാറാകുമോ ?

<u>ഡോക്ടർമാരുടെ തസ്തിക ഒഴിവുകൾ</u>

2286. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി വിഭാഗങ്ങളിലായി എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; ഇവയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കാമോ?

<u>മഴക്കാലപൂർവ്വ രോഗങ്ങൾ പ്രതിരോധിക്കാൻ നടപടികൾ</u>

2287. ശ്രീ.പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ മഴക്കാലപൂർവ്വ രോഗങ്ങളെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മഴക്കാലപൂർവ്വ രോഗങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം മുൻകരുതലുകൾ ഇവിടെ സ്വീകരിച്ചിട്ടുണ്ട്?

## പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപടി

T 2288. ശ്രീ.സി.പി.മുഹമ്മദ്

,, എം.എ. വാഹീദ്

,, ആർ . സെൽവരാജ്

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പോഷകാഹാര നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പോഷകാഹാരത്തിന്റെ പ്രാധാന്യം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുമോ ;

(ഡി) സമഗ്ര പോഷകാഹാര പദ്ധതിയുടെ വിജയത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഏത് രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ?

## മത്സ്യത്തൊഴിലാളി മേഖലകളിൽ വ്യാപിക്കുന്ന മാരക രോഗങ്ങൾ

2289. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന മേഖലകളിൽ ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾ വ്യാപകമാകുന്നുവെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏങ്കിൽ ഇത് തടയുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് പഠിക്കുന്നതിനും കാരണം കണ്ടെത്തി രോഗം തടയുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

## ആദിവാസികൾക്കുള്ള സൗജന്യ ചികിത്സ പദ്ധതി

2290. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിക്ക് എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ഓരോ വർഷവും എത്ര തുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) നാല് വർഷമായി നാമമാത്രമായ തുക നൽകി വരുന്നതുമൂലം ആദിവാസികളുടെ സൗജന്യചികിത്സ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മെഡിക്കൽ കോളേജുകളിലെ ന്യായവില മരുന്നുഷോപ്പുകളിൽ ഈ ഇനത്തിൽ മരുന്നു

വാങ്ങിയ വകയിൽ എത്ര രൂപയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തുക നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(എഫ്) ആദിവാസികൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

രാസവസ്തുക്കളുടെയും കൃത്രിമ നിറങ്ങളുടെയും ഉപയോഗം

2291. ശ്രീ.തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾ കൂടുതലായി ഉപയോഗിക്കുന്ന ന്യൂഡിൽസ്, ബിസ്ക്കറ്റുകൾ കേക്കുകൾ, മിഠായികൾ എന്നിവയിൽ രുചിയും മണവും വർദ്ധിപ്പിക്കുന്നതിനായി അനുവദനീയമായതിലും കൂടുതൽ രാസവസ്തുക്കളും കൃത്രിമ നിറങ്ങളും ചേർത്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പരിശോധനകൾ നടത്തുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇങ്ങനെ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; സ്വീകരിച്ച നടപടികൾ എന്ത് ;

(ഡി) കൃത്രിമ നിറങ്ങളും രാസവസ്തുക്കളും ചേർത്ത് ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നതുമൂലം ഭാവിതലമുറയ്ക്ക് ശാരീരികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത്തരം ഭക്ഷണ പദാർത്ഥങ്ങൾ വില്പന നടത്തുന്നത് തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന വിഷാംശമുള്ള പച്ചക്കറികൾ

T 2292. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും വിഷാംശമില്ലാത്ത പച്ചക്കറികൾ വിപണികളിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ആരോഗ്യപ്രശ്നമുണ്ടാക്കുന്ന ഭക്ഷണപഥാർത്ഥങ്ങൾ

2293. ശ്രീ.കെ.എം.ഷാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സംസ്ഥാനങ്ങളും മാഗി ന്യൂഡിൽസ് നിരോധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കേരളത്തിലും നിരോധിക്കുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) മാഗി ന്യൂഡിൽസ് പോലെ ഭാവിയിൽ രൂക്ഷമായ ആരോഗ്യപ്രശ്നമുണ്ടാക്കുന്ന ഐസ്ക്രീം പൗഡർ, പിസ്ത പൗഡർ, ബദാം മിക്സ്, ജ്യൂസ് മിക്സുകൾ എന്നിവ തലസ്ഥാന നഗരിയിലുൾപ്പെടെ വിൽക്കുന്നത് തടയാൻ നടപടിയെടുക്കുമോ?

**108** ആംബുലൻസുകളുടെ പ്രവർത്തനം

2294. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് സർവ്വീസുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും എത്രയെണ്ണം പ്രവർത്തനക്ഷമമല്ലെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ജീവൻരക്ഷാ ഉപകരണങ്ങളും മരുന്നുകളും ഇല്ലാത്തതിനാൽ ഇവയുടെ സേവനം രോഗികൾക്കും അപകടത്തിനിരയാകുന്നവർക്കും ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആംബുലൻസുകളിലെ എക്സ്പ്ലോസീവ് ലൈസൻസിന്റെ കാലാവധി യഥാസമയം പുതുക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ഇതിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ലൈസൻസ് യഥാസമയം പുതുക്കുന്നതിനും പ്രസ്തുത സേവന മേഖല കാര്യക്ഷമമായി നിലനിർത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

## എൻ.ആർ.എച്ച്.എം. ന്റെ 33 പദ്ധതികൾ

2295. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. നടപ്പിലാക്കി വരുന്ന 33 പദ്ധതികളിൽ ഓരോ പദ്ധതിയുടെയും നടത്തിപ്പിനായി 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും ഓരോ പദ്ധതിക്കുമായി എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവാക്കിയെന്നും കേന്ദ്ര, സംസ്ഥാന വിഹിതം ഉൾപ്പെടെ വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും നടത്തിപ്പിനായി നിയോഗിക്കപ്പെട്ട സർക്കാർ ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും വിവരം വെളിപ്പെടുത്തുമോ ; 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ശമ്പളയിനത്തിലും മറ്റുമായി ഇവർക്കായി ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത 33 പദ്ധതികൾക്കുമായി ഓരോ ജില്ലയിലും നടത്തിയ പ്രവർത്തന റിപ്പോർട്ട് 2011-12 മുതൽ 2014-15 വരെ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നാലുവർഷക്കാലയളവിൽ പദ്ധതി നടത്തിപ്പുകൾക്ക് നേരിട്ട പ്രതിസന്ധികളും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ ;

(ഇ) കേന്ദ്ര ഫണ്ട് ട്രഷറി സംവിധാനത്തിലാക്കിയത് എന്നു മുതലാണെന്നും തത്ഫലമായി ഫലപ്രദമായ പദ്ധതി നടത്തിപ്പ് സാധ്യമായോയെന്നും തന്മൂലം തടസ്സങ്ങൾ നേരിട്ടോയെന്നും വിശദമായ റിപ്പോർട്ട് നൽകാമോ ?

(എഫ്) എൻ.ആർ.എച്ച്.എം. പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള പ്രതിസന്ധികളും നടത്തിപ്പുകളും സംബന്ധിച്ച് ഒരു വിദഗ്ധ സംഘത്തിന്റെ പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

## തൃക്കണ്ണാപുരം C.H.C യിലെ ഐ.പി.സംവിധാനം.

2296. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തൃക്കണ്ണാപുരം C.H.C യിൽ ഐ.പി.സംവിധാനം നിലവിലുണ്ടായിരുന്നോ;

(ബി) ഐ.പി.സംവിധാനം ഇപ്പോഴും നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ;ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>അമൃതം ആരോഗ്യം</u>

2297. ശ്രീ.എ.റ്റി.ജോർജ്

,, സി.പി.മുഹമ്മദ്

,, സണ്ണി ജോസഫ്

,, എം.പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃതം ആരോഗ്യം പദ്ധതി എല്ലാ വിഭാഗം ജനങ്ങളിലുമെത്തിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) എല്ലാവിധ രോഗങ്ങളും ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

<u>അട്ടപ്പാടിയിലെ ശിശുമരണങ്ങൾ</u>

2298. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ വിവിധ രോഗകാരണങ്ങളാലും പോഷകക്കുറവുമൂലവും പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട എത്ര ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട് ; വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ?

<u>പുതിയ സർക്കാർ മെഡിക്കൽ കോളജുകൾ</u>

2299. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ച സർക്കാർ മെഡിക്കൽ കോളജുകളിലൂടെ എത്ര വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് സൗകര്യം നൽകി ;

(ബി) ഇതിനായി എത്ര തസ്തികകൾ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ?

(സി)

<u>ആലപ്പുഴ മെഡിക്കൽ കോളേജ് ക്യാന്റീൻ പ്രവർത്തനം</u>

2300. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ക്യാന്റീൻ പ്രവർത്തനരഹിതമായതിനെത്തുടർന്ന് അവിടെയെത്തുന്ന ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രി പരിസരത്തെ സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കാനാണ് ക്യാന്റീൻ തുറന്ന് പ്രവർത്തിപ്പിക്കാത്തത് എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ;

(സി) വലിയ തുക അഡ്വാൻസും വാടകയും നിശ്ചയിച്ചിരിക്കുന്നതിനാൽ കരാറുകാർക്ക് പ്രസ്തുത സ്ഥാപനം നടത്താൻ കഴിയാതെ വരികയും പലപ്പോഴും അടച്ചിടുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കാൻ വ്യവസ്ഥകൾ പ്രായോഗികമായി പുനക്രമീകരിക്കുമോ;

(ഡി) പ്രസ്തുത ക്യാന്റീൻ കുടുംബശ്രീകളോ സഹകരണസ്ഥാപനങ്ങളോ ഏറ്റെടുത്ത് നടത്തുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സ്ഥാപനം ആയിരുന്നു; വിശദമാക്കുമോ;

(ഇ) പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാത്തവിധം ക്യാന്റീൻ നവീകരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ക്യാന്റീൻ നവീകരിക്കുന്നതിന് ആർക്കെങ്കിലും കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്ക്; എന്തെല്ലാം വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ?

<u>നേഴ്സിംഗ് വിദ്യാഭ്യാസരംഗത്തെ പരിഷ്കരണം</u>

2301. ശ്രീ.എ.കെ.ബാലൻ

**,,** കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**)**

**,,** പി.ടി.എ. റഹീം

ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നേഴ്സിംഗ് വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിനായി ഡോ:ശ്രീനിവാസൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നു;

(ബി) അതിൽ ഏതെങ്കിലും വ്യവസ്ഥകൾ സർക്കാർ നിരാകരിക്കുകയുണ്ടായോ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ;

(സി) സ്വാശ്രയ വിദ്യാഭ്യാസ നടത്തിപ്പുകാരുടെ താല്പര്യാർത്ഥം ആരോഗ്യ സർവ്വകലാശാല നിബന്ധനകളിൽ ഇളവ് നൽകിയിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

## കോഴിക്കോട് മെഡിക്കൽ കോളേജ് അസ്ഥിരോഗ ഒ.പി

2302. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ അസ്ഥിരോഗ വിഭാഗം ഒ.പി യിൽ ദിവസേന എത്ര രോഗികൾ ചികിത്സയ്ക്ക് എത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗം ഒ.പി യിൽ ആവശ്യത്തിന് ട്രോളിയും വീൽചെയറും ഇല്ലാത്തത് കാരണം രോഗികൾ വലിയ പ്രയാസം അനുഭവിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അസ്ഥി രോഗ വിഭാഗം ഒ.പിയിൽ വരുന്ന രോഗികൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ആവശ്യത്തിന് ട്രോളിയും വീൽചെയറും ഉടനടി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ പരിശോധന

2303. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ പരിശോധന നടത്തിയത് എന്നാണ്; കൗൺസിൽ എന്തെങ്കിലും ന്യൂനതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) മെഡിക്കൽ കൗൺസിലിന്റെ പരിശോധനയെ തുടർന്ന് മെഡിക്കൽ കോളേജിലെ എം. ബി. ബി. എസ്., പി. ജി. സീറ്റുകളിൽ പ്രവേശനം നടത്തുന്നത് കൗൺസിൽ തടഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി) മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## കണ്ണൂരിൽ പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ

2304. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആയുർവ്വേദ ഡിസ്പെൻസറികൾ ഇല്ലാത്ത എത്ര പഞ്ചായത്തുകളാണുള്ളത്;

(ബി) ഈ സാമ്പത്തിക വർഷം പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(സി) ഇപ്രകാരം മുൻഗണനാപട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ;

(ഡി) ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ എൻ. ആർ. എച്ച്. എം. മുഖേന ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ധന്വന്തരി സെന്ററുകൾ

2305. ശ്രീ.എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, അൻവർ സാദത്ത്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധന്വന്തരി സെന്ററുകൾ നിലവിൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്; ഓരോ ജില്ലയിലും എത്ര ജീവനക്കാർ പ്രസ്തുത സെന്ററുകളിൽ ജോലി ചെയ്യുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ധന്വന്തരി സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ ധന്വന്തരി സെന്ററുകളെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനും കെ.എച്ച്.ആർ.ഡബ്ല്യു.എസ് മാതൃകയിൽ ഒരു സ്ഥാപനമായി മാറ്റാനും ആലോചിക്കുന്നുണ്ടോ?

## അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി മരുന്നുകൾ

2306. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ആവശ്യമായിവരുന്ന അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി മരുന്നുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ മരുന്നുകളുടെ എത്രശതമാനം കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ?

## കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ആയുർവേദ -ഹോമിയോ -യുനാനി ഡിസ്പെൻസറികൾ

2307. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എത്ര ആയുർവേദ -ഹോമിയോ -യുനാനി ഡിസ്പെൻസറികളാണ് പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇവയിൽ ഓരോന്നിനും ഫണ്ടിംഗ് നൽകുന്നത് ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ ഡിസ്പെൻസറിയിലും നിത്യേന ശരാശരി എത്ര പേർ കൺസൾട്ടിംഗിനായി എത്തുന്നുണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഇവയിൽ എത്ര ഡിസ്പെൻസറികൾക്ക് സ്വന്തമായി കെട്ടിട സൗകര്യമുണ്ടെന്ന് വ്യക്തമാക്കാമോ ?

## ആയുർവ്വേദ വകുപ്പിൽ അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങൾ

2308. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആയുർവ്വേദ വകുപ്പിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് അപ്ഗ്രേഡ് ചെയ്തിട്ടുള്ളതെന്നും ഈ സ്ഥാപനങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

## കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകളുടെ അപര്യാപ്തത

2309. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ കാൻസറിനും പനിരോഗങ്ങൾക്കുംപോലുമുള്ള പല മരുന്നുകളും ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2015-16 കാലയളവിൽ ഓരോ മാസവും കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലുണ്ടായിരുന്ന വിവിധ മരുന്നുകളുടെ സ്റ്റോക്ക് വിവരവും ഇല്ലാതിരുന്ന മരുന്നുകളുടെ വിവരവും വ്യക്തമാക്കുമോ ;

(സി) 2015-16 വർഷം ഓരോ മാസവും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കാരുണ്യ ഫാർമസിക്ക് വിതരണം ചെയ്ത മരുന്നുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കാരുണ്യ ഫാർമസികൾക്ക് മരുന്നു വിതരണം ചെയ്യുന്ന പ്രധാന ഏജൻസിയായ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കൈവശം 2015 ജനുവരി മാസമുണ്ടായിരുന്ന മരുന്നുകളുടെയും മറ്റ് മെഡിക്കൽ ഉല്പന്നങ്ങളുടെയും സ്റ്റോക്ക് വിവരം എത്ര ; 2015 ജൂൺ ഒന്നിന്റെ സ്റ്റോക്ക് വിവരം എത്ര എന്നും വ്യക്തമാക്കുമോ ;

(ഇ) കാരുണ്യ ഫാർമസികൾ വഴി 2015 വർഷം നാളിതുവരെ എത്ര തുകയുടെ മരുന്നുകൾ വിപണനം നടത്തി എന്നും ,2011-12 മുതൽ 2014 ഡിസംബർ വരെ ഓരോ വർഷവും എത്ര തുകയുടെ മരുന്നുകൾ വിപണനം നടത്തി എന്നും, പ്രസ്തുത മരുന്നുകൾ കാരുണ്യ ഫാർമസികൾക്ക് വിതരണം ചെയ്തത് ആരെല്ലാം എന്നും വ്യക്തമാക്കുമോ ?

## കാരുണ്യ ഫാർമസികൾ

2310. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിലാണ് കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നത് ;

(ബി) പ്രസ്തുത ഫാർമസികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ഫാർമസികൾ കമ്പനികളിൽ നിന്നും നേരിട്ടു മരുന്നു വാങ്ങുമ്പോൾ ഏതു കമ്പനിയിൽ

നിന്നും മരുന്നു വാങ്ങണം എന്നു തീരുമാനിക്കുവാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത് ;

(ഡി) പ്രസ്തുത ഫാർമസികൾ എത്ര കമ്പനികളിൽ നിന്നും നേരിട്ടു മരുന്നു വാങ്ങുന്നുണ്ടെന്നു വ്യക്തമാക്കുമോ ; അവ ഏതെല്ലാം ;

(ഇ) ഓരോ കമ്പനിയിൽ നിന്നും പ്രസ്തുത ഫാർമസികൾ 2014-2015 സാമ്പത്തിക വർഷത്തിൽ എത്ര തുകയ്ക്കുള്ള മരുന്നുകൾ നേരിട്ട് വാങ്ങിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

<u>നിരോധിത മരുന്നുകളുടെ വിൽപ്പന</u>

2311. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിത മരുന്നുകൾ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനമോ അന്വേഷണമോ നടത്തിയിട്ടുണ്ടോ ;

(സി) നിരോധിച്ച മരുന്നുകളുടെ പട്ടിക വെളിപ്പെടുത്താമോ ;

(ഡി) ഇത്തരം മരുന്നുകളുടെ വിൽപ്പന തടയുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

<u>ഓൺലൈൻ മരുന്നു വ്യാപാരം</u>

2312. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ മരുന്നുവിതരണം നടക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) മരുന്നു വിതരണം ഓൺലൈനായി നടക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള ഓൺലൈൻ മരുന്നു വ്യാപാരം ആരോഗ്യ രംഗത്തെ തകർക്കുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഓൺലൈൻ വഴി മരുന്നു വിതരണം തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

<u>കണ്ണൂർ ജില്ലയിലെ ഹോമിയോ ഡിസ്പെൻസറികൾ</u>

2313. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായി മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ലഭ്യമാക്കുമോ ;

(ഡി) പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ എൻ.ആർ.എച്ച്.എം. മുഖേന ഹോമിയോ ഡിസ്പെൻസറി അനുവദിക്കുമോ?

<u>മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ജീവനക്കാർക്ക് ശമ്പളം</u>

2314. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ഒരു വിഭാഗം ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ശാശ്വത പരിഹാരമുണ്ടാവാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി.ക്കു വിട്ട നടപടി</u>

2315. **ശ്രീ.ജി.സുധാകരൻ**
**,, ബി.സത്യൻ**
**,, പി.ശ്രീരാമകൃഷ്ണൻ**
**,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം പി.എസ്.സി. ക്കു വിട്ട മുൻസർക്കാരിന്റെ നിയമം റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) മലബാർ ദേവസ്വം ബോർഡ് രൂപീകരണത്തിനു മുമ്പ് എച്ച്.ആർ.& സി.ഇ. ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തിയിരുന്നതിൽ എന്തെങ്കിലും നിയമതടസ്സമോ പോരായ്മയോ ഉണ്ടായിരുന്നുവോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് ഉത്തരവിറക്കിയോ; എങ്കിൽ അതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമനത്തിനുവേണ്ട സ്പെഷ്യൽ റൂൾസ് രൂപീകരിച്ചോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>തവനൂർ മിനി പമ്പവികസന പ്രവർത്തനം</u>

2316. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ മിനി പമ്പയെ ശബരിമല തീർത്ഥാടകരുടെ ഇടത്താവളമാക്കി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാന വികസന പ്രവർത്തനത്തിനായി എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നൽകുന്ന കാര്യം പരിഗണിക്കുമോ?

## ശബരിമലയുടെ മാസ്റ്റർപ്ലാൻ

2317. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ പുതിയ മാസ്റ്റർപ്ലാനിന്റെ പ്രവർത്തനം ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്ലാൻ പ്രകാരം എത്ര കോടി രൂപയുടെ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിന്റെ ഭാഗമായി എരുമേലിയിൽ എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

## ശബരിമലയിലെ ദേവസ്വം ബോർഡിന്റെ വരുമാനം

2318. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമലയിലെ ദേവസ്വം ബോർഡിന്റെ വരുമാനം എത്ര തുകയെന്ന് ഓരോ വർഷവും തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത വരുമാനത്തിൽ ഗോൾഡ് ആഭരണങ്ങളും ഗോൾഡ് കോയിനുകളും മറ്റും ഓരോ വർഷവും എത്ര തൂക്കം വീതം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സ്വർണ്ണ ഉരുപ്പടികളും മറ്റും സൂക്ഷിക്കുന്ന സംവിധാനത്തെ കുറിച്ച് വിശദമാക്കുമോ ; ഇതിന്റെ സൂക്ഷിപ്പുകാരൻ ആരാണ് ?

## കൊട്ടാരക്കര ഗണപതിക്ഷേത്രക്കുളം ശുദ്ധീകരിക്കാൻ നടപടി

2319. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഗണപതിക്ഷേത്രക്കുളത്തിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ബി) ക്ഷേത്രക്കുളത്തിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി ഉയർന്ന നിലയിലാണ് എന്ന് വെളിപ്പെട്ടിട്ടുണ്ടോ ;

(സി) ക്ഷേത്രക്കുളത്തിലെ ജലം ശുദ്ധീകരിക്കുന്നതിന് അടിയന്തിരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ഇ-അബാക്കസ് കേന്ദ്രീകൃത ബില്ലിംഗ്

2320. ശ്രീ.എം.എ. വാഹീദ്

,, സണ്ണി ജോസഫ്

,, വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ ഇ-അബാക്കസ് കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം നടപ്പാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത ബില്ലിംഗ് സംവിധാനംവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഉപഭോക്താക്കൾക്ക് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത ബില്ലിംഗ് സംവിധാനത്തി നായി ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെ ല്ലാമാണ്?

<u>അണക്കെട്ടുകളുടെ സുരക്ഷ</u>

2321. ശ്രീ.സണ്ണി ജോസഫ്

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനത്തിനുപയോഗിക്കുന്നഅണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ടോ ; എങ്കിൽ അവസാനം നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പരിശോധന നടത്തുന്ന വിദഗ്ദ്ധ സമിതിയുടെ ഘടന എപ്രകാരമാണ് ;

(സി) സുരക്ഷാ പരിശോധനയിൽ നവീകരണമോ ഡി-കമ്മിഷനിങ്ങോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) അണക്കെട്ടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ലോക ബാങ്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ ?

<u>ജല സംരക്ഷണവും പരിപാലനവും</u>

2322. ശ്രീ.എം.പി.വിൻസെന്റ്

,, കെ.മുരളീധരൻ

,, എ.റ്റി.ജോർജ്

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല സംരക്ഷണവും പരിപാലനവും ഫലപ്രദമായി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കാമോ ;

(സി) പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ?

<u>ജല അതോറിറ്റിയുടെ അദാലത്തുകൾ</u>

2323. ശ്രീ.വി.പി.സജീന്ദ്രൻ

,, ബെന്നി ബെഹനാൻ

,, ഐ.സി.ബാലകൃഷ്ണൻ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി അദാലത്തുകൾ നടത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം തലങ്ങളിലാണ് ജല അതോറിറ്റി അദാലത്തുകൾ നടത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത അദാലത്തുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ഡി) അദാലത്തുകളിൽ ഏതെല്ലാം തരത്തിലുള്ള പരാതികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവയക്ക് എന്തെല്ലാം പരിഹാരങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി</u>

2324. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച കാട്ടുകുറ്റി പഞ്ചായത്തിലെ പതിയം കുളം സംരക്ഷണം നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

<u>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി</u>

2325. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആകെ എത്ര പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര കുളങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇവ മുഴുവൻ നവീകരിക്കാൻ പദ്ധതി തയ്യാറാക്കുമോ?

## ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

2326. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വഴി നടപ്പിലാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര കുളങ്ങൾ നവീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി കുളങ്ങളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും ഒരു കുളത്തിന്റെ നവീകരണത്തിന് പരമാവധി എത്ര തുക വരെ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

2327. ശ്രീ.സാജു പോൾ

,, സി.കൃഷ്ണൻ

,, കെ. ദാസൻ

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ജലക്ഷാമം പരിഹരിക്കാനുമായി പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇതുവരെ എത്ര കുളങ്ങൾ നവീകരിച്ച് സംരക്ഷിക്കാൻ സാധിച്ചെന്നും അതിനായി എന്തു തുക ചെലവഴിച്ചെന്നും അറിയിക്കാമോ ;

(സി) ചെറുതും വലുതുമായ സ്വകാര്യ-പൊതു കുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

2328. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ നിന്ന് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിൽ ഏതെല്ലാം കുളങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന RRR (Repair, Renovation and Restoration of Pond) പദ്ധതിയിൽ കുട്ടനാട്ടിലെ ഏതെല്ലാം കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

2329. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം എത്ര കുളങ്ങളാണ് പുനരുദ്ധരിക്കുന്നത് ;

(ബി) ഇതിൽ കായംകുളം മണ്ഡലത്തിലെ എത്ര കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിന്റെ നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ ?

കുളം നവീകരണ പദ്ധതി

2330. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കും മറ്റ് പൊതുആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിനായി ആരംഭിച്ച കുളം നവീകരണ പദ്ധതിയിൽ കോങ്ങാട് മണ്ഡലത്തിൽ എത്ര കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു കുളത്തിനു പോലും നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടില്ലെങ്കിൽ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നല്കുന്ന കാര്യം പരിഗണിക്കുമോ ?

ദേശീയ ജലപാതയുടെ നിർമ്മാണം

2331. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ലൂഡി ലൂയിസ്

,, കെ.മുരളീധരൻ

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ജലപാതയുടെ തീരത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(സി) മിഷൻ 676- ൽ ഇതിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

കരിമല അംബേദ്കർ കുടിവെള്ള പദ്ധതി

2332. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കരിമല അംബേദ്കർ കുടിവെള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടും പണി തുടങ്ങാൻ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ

(ബി) കുടിവെള്ള ലഭ്യത ഇല്ലാത്ത ഈ പ്രദേശത്ത് പ്രസ്തുത കുടിവെള്ള പദ്ധതി ഉടനടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; എന്നത്തേക്ക് ഈ പദ്ധതി പൂർത്തീയാക്കാനാകും വ്യക്തമാക്കുമോ ?

<u>മീനാട് ശുദ്ധജലപദ്ധതി</u>

2333. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് ശുദ്ധജലപദ്ധതി (ജപ്പാൻ കുടിവെള്ള പദ്ധതി) പ്രകാരം എത്ര കിലോമീറ്റർ ദൂരത്തിലാണ് വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി തീരുമാനിച്ചിരുന്നത് ;

(ബി) പ്രസ്തുത വിതരണ ലൈൻ നിലവിൽ എത്ര കിലോമീറ്റർ ദൂരം സ്ഥാപിച്ചു കഴിഞ്ഞുവെന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതി പ്രകാരം ഇനി പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ളത് ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും എന്നത്തേക്ക് പൈപ്പ് സ്ഥാപിക്കൽ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

<u>ഒഴൂർ ജലനിധി പദ്ധതി</u>

2334. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ ഒഴൂർ ജലനിധി പദ്ധതി പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി എത്ര തുകയാണ് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) തടയണ നിർമ്മിക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ ?

<u>തരൂർ മണ്ഡലത്തിലെ പുതിയ കുടിവെള്ള പദ്ധതി</u>

2335. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ തരൂർ, കാവശ്ശേരി, പുതുക്കോട് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള പുതിയ കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പദ്ധതി അംഗീകാരത്തിനായി എസ്.എൽ..എസ്.എസ്.സി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എത്ര രൂപയുടേതാണ് പദ്ധതി രൂപരേഖ;

(സി) പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>സുനാമി ദുരന്തമേഖലയിലെ പുലിമുട്ട് നിർമ്മാണം</u>

T 2336. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തമേഖലയായ ആലപ്പാട്ടെ ശ്രായിക്കാട്ടും, ആലപ്പാട് സെന്ററിലും പുലിമുട്ട് നിർമ്മാണം ഏത് ഘട്ടത്തിലാണ് ; എന്ന് പൂർത്തീകരിക്കാൻ കഴിയും ; വിശദാംശം അറിയിക്കാമോ?

<u>മാടായി, മാട്ടൂൽ എന്നിവിടങ്ങളിലെ കടൽഭിത്തി നിർമ്മാണം</u>

2337. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശേരി മണ്ഡലത്തിൽ, കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമ പഞ്ചായത്തുകളിൽ കടലാക്രമണത്തിൽ തകർന്ന കടൽഭിത്തി പുന:നിർമ്മിക്കുന്നതിനും പുതുതായി കടൽ ഭിത്തി നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണ് ; ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ ബാക്കിയുളളത് ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ?

<u>നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി</u>

2338. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പാറ്റൂർ കുടിവെള്ള പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ശ്രീമതി രമാദേവി. എസ്. നൽകിയിരുന്ന ഫാമിലി പെൻഷൻ സംബന്ധിച്ച അപേക്ഷ.</u>

2339. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ജോലിചെയ്യവെ മരണമടഞ്ഞ വ്യക്തിയുടെ ഫാമിലി പെൻഷൻ അവിവാഹിതയായ പെൺമക്കൾക്ക് കിട്ടണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രമാദേവി. എസ്., മാഞ്ഞൂർ നൽകിയിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതി തീർപ്പാകുന്നതിന് എന്തെങ്കിലും ഭരണപരമായോ സാങ്കതികമായോ തടസ്സം ഉണ്ടെങ്കിൽ ആയതു അറിയിക്കാമോ ; പ്രസ്തുത നിവേദനം ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ ; നിവേദനത്തിന്റെ ജലവിഭവ വകുപ്പിലെയും ചീഫ് എഞ്ചിനീയറുടെ ഓഫീസിലെയും ഫയൽ നമ്പർ അറിയിക്കാമോ ?

ചേലക്കര മണ്ഡലത്തിൽ പൈങ്കുനം തടയണ നിർമ്മാണത്തിന് ഭരണാനുമതി വൈകൽ

2340. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ പൈങ്കുനം തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതെന്നാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തടയണ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തടയണ നിർമ്മാണത്തിന് ആദ്യം ഭരണാനുമതി നൽകിയ തുക എത്രയാണെന്നും രണ്ടാമത് പുതുക്കിയ ഭരണാനുമതി തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) സാങ്കേതികാനുമതി നൽകാൻ വലിയ കാലതാമസമെടുത്തതുകാരണം വീണ്ടും പുതുക്കിയ നിരക്കിൽ തുക വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകില്ലേയെന്നതു സംബന്ധിച്ച വിശദീകരണം നല്കുമോ;

(ഇ) ഇപ്രകാരം അകാരണമായ കാലതാമസം വരുത്തി പദ്ധതി തുക വർദ്ധിപ്പിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിന് കാലതാമസം വരുത്തുന്നതിനുമുണ്ടായ സാഹചര്യം വിശദമാക്കാമോ?

കുളക്കട-പവിത്രേശ്വരം പദ്ധതി

2341. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വാട്ടർ അതോറിറ്റി പ്രോജക്ട്സ് ഡിവിഷൻ നടപ്പിലാക്കി വരുന്ന കുളക്കട-പവിത്രേശ്വരം പദ്ധതി നിമ്മാണം ആരംഭിച്ചത് എന്നാണ്;പദ്ധതി നിർമ്മാണം പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു;

(ബി) പദ്ധതി പ്രകാരം അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

തടയണകളുടെ നിർമ്മാണം

2342. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടയണകളുടെ നിർമ്മാണത്തിന് ഈ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ചേലക്കര മണ്ഡലത്തിൽ ഫണ്ട് ലഭ്യമല്ല എന്ന കാരണത്താൽ മുടങ്ങിക്കിടക്കുന്ന ചെറുതുരുത്തി തടയണ നിർമ്മാണം ജലവിഭവ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

## കാസർഗോഡ് നഗരത്തിലെ കുടിവെള്ള ക്ഷാമം

2343. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിൽ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമേ കുടിവെള്ളം ലഭിക്കാറുള്ളു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പമ്പുകളും മോട്ടോറുകളും അനുവദിച്ചിട്ടും കാസർഗോഡ് നഗരത്തിലെ ജനങ്ങൾക്ക് ഇപ്പോഴും കുടിവെള്ളം കിട്ടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് അടിയന്തര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

## കാഞ്ഞങ്ങാട് മടിക്കൈ പൂളിക്കാൽ ക്രോസ് ബാർ കം ബ്രിഡ്ജ് അറ്റകുറ്റപണികൾ

2344. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മടിക്കൈ പഞ്ചായത്തിലെ പൂളിക്കാൽ ക്രോസ് ബാർ കം ബ്രിഡ്ജ് കോൺക്രീറ്റ് തൂണുകൾ തകർന്ന് അപകടാവസ്ഥയിലാണെന്ന കാര്യവും ക്രോസ് ബാർ ചോർച്ചയുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് അടിയന്തിരമായും നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി

2345. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് എസ്.എൽ.എസ്.എസ്.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടിയുടേതാണ് പദ്ധതി രൂപരേഖ;

(ബി) പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

<u>സംരക്ഷണഭിത്തി നിർമ്മാണം</u>

2346. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തോടുകളുടെയും മറ്റും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എത്ര തുക മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തരം ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ച് തുക വിവരിക്കുമോ;

(ബി) മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തരം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിലേക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഓരോ വർഷവും തുക എത്രയെന്ന് വിവരിക്കുമോ?

<u>ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

2347. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

<u>ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

2348. **ശ്രീ.കെ.അച്ചുതൻ**
**,, എ.റ്റി.ജോർജ്**
**,, തേറമ്പിൽ രാമകൃഷ്ണൻ**
**,, സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സമഗ്രപാരിസ്ഥിതിക സംരക്ഷണത്തിന് ജലസേചനവകുപ്പ് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) ഇതിനായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

<u>മുല്ലപ്പെരിയാർ അണക്കെട്ട്</u>

2349. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഉത്തരവ് കേരളത്തിന് അനുകൂലമാണോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കേരളം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

<u>അച്ചൻകോവിലാറ്റിലെ തടയണ, സംരക്ഷണഭിത്തി നിർമ്മാണം</u>

2350. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ അച്ചൻകോവിലാറ്റിൽ തടയണ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) അനുവദിക്കപ്പെട്ട തുക അച്ചൻ കോവിലാറിന്റെ തീരസംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും വകമാറ്റുന്നതിനും വകുപ്പുതല റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) അച്ചൻകോവിലാറ്റിൽ കോടത്തോടിന്റെ പതനമുഖം സംരക്ഷണഭിത്തി കെട്ടുന്നതിന് തുക വകമാറ്റി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>കടപ്പുറം ദ്വീപിൽ കടൽക്ഷോഭം</u>

2351. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ കടപ്പുറം ദ്വീപിൽ കടൽക്ഷോഭം മൂലം കടൽഭിത്തി ഒലിച്ച് പോയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രദേശവാസികളുടെ ഭീതിയകറ്റുന്നതിന് തകർന്ന കടൽഭിത്തി അടിയന്തിരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ചമ്രവട്ടം പാലത്തിന്മേലുള്ള തെരുവു വിളക്കുകൾ</u>

2352. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചമ്രവട്ടം പാലത്തിന്മേലുള്ള തെരുവു വിളക്കുകൾ, പാലത്തിന്റെ നിർമ്മാണം കഴിഞ്ഞിട്ടും നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇവ പ്രവർത്തിപ്പിക്കുന്നതിനായി ,ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.യിൽ അടക്കുവാൻ ഇറിഗേഷൻ വകുപ്പിന് തുക അനുവദിച്ചിട്ടുണ്ടോ ;എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ?

(സി) ഇല്ലെങ്കിൽ തുക അനുവദിച്ച് ഈ വിളക്കുകൾ ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഞാറക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിൽ ജിഡ ഫണ്ട് ഉപയോഗിച്ചു ടാങ്കുകളുടെ നിർമ്മാണം

2353. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മാണാനുമതി നൽകിയ ഞാറക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിലെ ടാങ്കുകളുടെ നിർമ്മാണം തടസ്സപ്പെട്ടുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രവർത്തനം തടസ്സപ്പെട്ടിട്ട് എത്ര നാളുകളായി എന്ന് വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി അതിരൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്ന വൈപ്പിൻദ്വീപു നിവാസികൾക്കായി തുടങ്ങിവച്ച പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിയിൽ നേരിടുന്ന ഗുരുതരമായ അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടിയെന്തെന്ന് വിശദീകരിക്കാമോ;

(ഡി) കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയ്ക്ക് എത്രമാത്രം പുരോഗതി പ്രസ്തുത പ്രവൃത്തിയിൽ ഉണ്ടായെന്ന് വിശദീകരിക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതു സംബന്ധിച്ച് വിവിധ ഉന്നതതല യോഗങ്ങളിൽ കരാറുകാരൻ നൽകിയ ഉറപ്പുകൾ പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ?

കൈനകരിയിലെ വെള്ളപ്പൊക്കദുരിതം

2354. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈനകരി പഞ്ചായത്തിൽ പ്ലാശ്ശേരി, പട്ടാളം, ഊരാളശ്ശേരി, അമ്പലം എന്നീ ദ്വീപുകളെ വെള്ളപ്പൊക്കത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി കല്ലുകെട്ടുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മൈലം-തലവൂർ പദ്ധതി

2355. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മൈലം-തലവൂർ പദ്ധതിക്ക് അനുമതി ലഭിച്ചത് എന്നാണ്;വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ്;നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണ്; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ നടത്തിയ പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

<u>മാടായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം</u>

2356. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി നിയമസഭാ മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മാടായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്രയും വേഗം ഫണ്ട് ലഭ്യമാക്കുന്നതിനും അംഗീകാരം നല്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ശുദ്ധജല വിതരണ പദ്ധതി</u>

2357. ശ്രീ.എസ്.ശർമ്മ

,, സാജു പോൾ

,, ബി.ഡി. ദേവസ്സി

,, എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസിയുടെ സഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ആയിരം കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിച്ചിരുന്നത്; സർക്കാർ ഈ പദ്ധതിക്കായി എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് പുറമെയാണോ ഈ വർഷത്തെ നയപ്രഖ്യാപനത്തിലൂടെ അറിയിച്ച പ്രതിദിനം 10 കോടി ലിറ്റർ ശേഷിയുള്ള കൊച്ചിയിലെ ജലവിതരണ പദ്ധതിയെന്ന് വ്യക്തമാക്കുമോ

<u>ജലരക്ഷാ പദ്ധതി</u>

2358. ശ്രീ.അൻവർ സാദത്ത്

,, പാലോട് രവി

,, ഷാഫി പറമ്പിൽ

,, വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കായി ജലരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) കേരളത്തിലെ എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതി ആരംഭിക്കാൻ വ്യവസ്ഥയുണ്ടാക്കുമോയെന്നും പ്രസ്തുത പദ്ധതിയുടെ മാനദണ്ഡമെന്താണെന്നും വിശദമാക്കാമോ;

(സി) എൻ.സി.സി, എൻ.എസ്.എസ്. പദ്ധതികളുമായി ചേർന്ന് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്നും കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോയെന്നും വിശദമാക്കുമോ?

<u>ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ</u>

2359. ശ്രീ.ടി.എൻ. പ്രതാപൻ

,, വി.റ്റി.ബൽറാം

,, വർക്കല കഹാർ

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ശുദ്ധജല പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മികവ് പരിഗണിച്ച് കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഗ്രാമീണ ശുദ്ധജല വിതരണത്തിൽ മികവ് കൈവരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

<u>നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമ പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ള പദ്ധതി</u>

2360. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഒരു സമഗ്ര കുടിവെള്ള പദ്ധതി പോലുമില്ലാത്ത, രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രസ്തുത ഗ്രാമപഞ്ചായത്തുകൾക്കായി ഈ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>കായംകുളം വാട്ടർ അതോറിറ്റി ആഫീസിന്റെ ജീർണ്ണാവസ്ഥ</u>

2361. **ശ്രീ.സി.കെ സദാശിവന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കായംകുളം വാട്ടര്‍ അതോറിറ്റി ആഫീസ് കെട്ടിടം ജീര്‍ണ്ണാവസ്ഥയില്‍ ആണെന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പുതിയ കെട്ടിടം നിര്‍മ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>കുടിവെള്ള പദ്ധതി</u>

2362. **ശ്രീ.കെ.കുഞ്ഞിരാമന്‍ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ ബന്തടുക്ക-കരിവേടകം വില്ലേജുകളില്‍ കുടിവെള്ളം നല്‍കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ടോ ; വിശദാംശങ്ങള്‍ അറിയിക്കാമോ ;

(ബി) ഇതിന്റെ നിര്‍മ്മാണ പുരോഗതി ഏതുവരെയായെന്ന് വിശദമാക്കാമോ?

<u>കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലവിതരണം</u>

2363. **ശ്രീ.എസ്.ശര്‍മ്മ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) മൂപ്പത്തടം ടാങ്ക് കമ്മീഷന്‍ ചെയ്തതിന് ശേഷം പഴയ പൈപ്പ്ലൈനിലൂടെ എല്ലായിടത്തും കുടിവെള്ളം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കില്‍ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പഴയ പൈപ്പ്ലൈന്‍ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമര്‍പ്പിച്ചിട്ടുണ്ടോ ; എങ്കില്‍ എത്ര തുകയാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; പദ്ധതി നടപ്പില്‍ വരുന്നതിന് അടിയന്തരമായി അനുമതി നല്‍കുമോ ;

(ഡി) വരാപ്പുഴ - കടമക്കുടി ലൈനില്‍ കുറ്റമറ്റ രീതിയില്‍ കുടിവെള്ളം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

<u>അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാന്‍ നടപടി</u>

2364. **ശ്രീ.ജി.സുധാകരന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റി, പുന്നപ്ര തെക്ക്, അമ്പലപ്പുഴ തെക്ക്, പുറക്കാട് എന്നിവിടങ്ങളില്‍ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇത് പരിഹരിക്കാന്‍ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് എത്ര കുഴൽ കിണറുകളാണ് നിർമ്മിച്ചിട്ടുള്ളത്; അവയിൽ പ്രവർത്തനക്ഷമമായത് എത്ര;കേടായവ എത്ര; വ്യക്തമാക്കാമോ;

(സി) കേടായവ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഗുരുവായൂർ കുടിവെള്ള പദ്ധതി</u>

2365. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ പുഴയിൽ നിന്നുള്ള ജലം ഉപയോഗിച്ച് ഗുരുവായൂരിലേക്കുള്ള കുടിവെള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ പ്രസ്തുത പദ്ധതിക്ക് തടസ്സം നിൽക്കുന്നുണ്ടോ ;

(സി) ഗുരുവായൂർ, ചാവക്കാട് നഗരസഭകൾക്കും ഗുരുവായൂർ ദേവസ്വത്തിനും പങ്കാളിത്തമുള്ള കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാകും ?

<u>കുറത്തികാട് കുടിവെള്ളപദ്ധതി</u>

2366. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര കുറത്തികാട് കുടിവെള്ളപദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>തിരുവനന്തപുരം ആറ്റിപ്ര ശ്രീമതി നാഗമ്മയ്ക്ക് കുടിവെള്ള കണക്ഷൻ</u>

2367. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി അധികൃതരുടെ കടുത്ത അനാസ്ഥ കാരണം, തിരുവനന്തപുരം, ആറ്റിപ്ര വാർഡ്, കിഴക്കുംകര വാറുകാട് വിളയിൽ വീട്ടിൽ, 73കാരിയായ നാഗമ്മയ്ക്ക് 3വർഷക്കാലമായി മീറ്ററും മറ്റും സ്ഥാപിച്ചിട്ട് കുടിവെള്ളം നൽകാതെ എല്ലാ മാസവും വാട്ടർ ബില്ല് നൽകി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;വിശദമാക്കുമോ;

(ബി) 2009-2010 സാമ്പത്തിക വർഷം, നഗരസഭയുടെ 'ദുർബല ജനവിഭാഗങ്ങൾക്ക് നൽകുന്ന സൗജന്യ വാട്ടർ കണക്ഷൻ' പദ്ധതിയിൽപ്പെടുത്തിയാണ് (പ്രോജക്ട് നം.560/10c) നാഗമ്മയ്ക്ക് വാട്ടർ കണക്ഷൻ നൽകിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) 73 വയസ്സായ അനാഥയായ വീട്ടമ്മയ്ക്ക് കുടിവെള്ള കണക്ഷൻ അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

കുടിവെള്ളക്ഷാമം

2368. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാം ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) മഴക്കാലത്തുപോലും കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളും ജലഅതോറിറ്റിയുടെ പ്രവർത്തനങ്ങളിലെ അപാകതമൂലം കുടിവെള്ളം ലഭിക്കാതെ വരുന്ന പ്രദേശങ്ങളും ഏതെല്ലാമാണെന്നും അവ ഏതു ജല അതോറിറ്റി ഓഫീസിൻ കീഴിലുള്ളവയാണെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) ജൈക്ക സഹായത്തോടെ കേരള വാട്ടർ സപ്ലൈ പ്രോജക്ടുകളിൽ നടത്തിയ പ്രവൃത്തികൾ എന്തെല്ലാം ; എത്ര തുക ഇതിനായി എവിടെയെല്ലാം വിനിയോഗിച്ചു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ജൈക്കയിൽ നിന്ന് ലഭിച്ച വായ്പ തുക എത്ര ; എത്ര തുക ചെലവാക്കി ; എത്ര ശതമാനം പ്രവർത്തനങ്ങൾ നടത്തി ; പലിശ അടക്കം എത്ര തുക തിരിച്ചടവുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) കാളിപ്പാറ പദ്ധതി എന്നിവയുടെ പ്രവർത്തനങ്ങൾക്കായി വായ്പ എടുത്ത തുക എത്ര ; ചെലവാക്കിയ തുക എത്ര ; എന്തെല്ലാം പ്രവൃത്തികൾ നടത്തി ; പലിശയും മുതലും അടക്കമുള്ള വായ്പ തിരിച്ചടവ് എന്നു തുടങ്ങി ; എത്ര അടച്ചു ; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കും ; വിശദമാക്കുമോ?

കുടിവെള്ളത്തിലെ ലവണങ്ങളുടെ അംശം

2369. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല ജില്ലകളിലും ഉപയോഗിക്കുന്ന കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം, ഉപ്പ്, നൈട്രേറ്റ്, ഫ്ലൂറൈഡ് എന്നിവ ക്രമാതീതമായി ഉൾപ്പെട്ടതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന്റെ ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയിട്ടുള്ളതെന്നും ഏതെല്ലാം ജില്ലകളിലെ കുടിവെള്ളത്തിലാണ് ഇത്തരം ലവണങ്ങൾ കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

കായംകുളം കായലിന്റെ ഉപജലപാത .

2370. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി ദേശീയ ജലപാതയിൽനിന്നും ഡി. റ്റി. പി. സി. അമിനിറ്റി സെന്റർ വരെയുള്ള കായംകുളം കായലിന്റെ ഉപജലപാത ആഴവും വീതിയും കൂട്ടുന്ന പദ്ധതിക്കായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള കേരള സ്റ്റേറ്റ് ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്തെല്ലാം വ്യവസ്ഥകൾ പാലിച്ചാണ് പദ്ധതി നടപ്പാക്കേണ്ടതെന്നും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രസ്തുത ഏജൻസിക്ക് നൽകിയിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(ബി) കരാർ ഏറ്റെടുത്ത കമ്പനികൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ആഴവും വീതിയും കൂട്ടുമ്പോൾ ലഭിക്കുന്ന മണ്ണ് ഏതെല്ലാം നടപടിക്രമങ്ങൾ പാലിച്ചാണ് നീക്കം ചെയ്യേണ്ടതെന്നും വ്യക്തമാക്കാമോ ;

(സി) ഉപ ജലപാതയുടെ ആഴം കൂട്ടലുമായി ബന്ധപ്പെട്ട ഡ്രഡ്ജിംഗ് തടസ്സപ്പെടുത്തിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്തെന്നും പ്രശ്ന പരിഹാരത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഏജൻസി, ബന്ധപ്പെട്ട വകുപ്പുകൾ, കരാറുകാർ എന്നിവരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വീഴ്ചകൾ ആണെന്നും ദേശീയ ജലപാതയിൽ നിന്നും ഹൗസ്ബോട്ടുകളും മറ്റു മോട്ടോർ ബോട്ടുകളും കടന്നുവരുന്നതിനും കായംകുളം ജലോത്സവം സുഗമമായ രീതിയിൽ നടത്തുന്നതിനും വേണ്ടി ഉപജലപാത വീണ്ടെടുക്കുന്ന പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കാമോ?

<u>ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്ന ആശുപത്രികൾ</u>

2371. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ചികിൽസാ ആനുകൂല്യം ലഭ്യമാകുന്ന തിരുവനന്തപുരം ജില്ലയിലെ ആശുപത്രികൾ എതെല്ലാം; അറിയിക്കുമോ;

<u>അന്യ സംസ്ഥാന തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതി</u>

2372. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, അൻവർ സാദത്ത്

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമപദ്ധതി നിലവിലുണ്ടോയെന്നും എങ്കിൽ ഇതിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ബി) ഇവർക്കാവശ്യമായ ജോലി സാഹചര്യങ്ങൾ, ഇവരുടെ നിയന്ത്രണം എന്നിവ സർക്കാരിന്റെ നിയന്ത്രണത്തിലാക്കാൻ നപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## ശരണ്യ പദ്ധതി

2373. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരണ്യ പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

(ബി) ശരണ്യാ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; പദ്ധതി പ്രകാരം എത്രപേർക്ക് ആനുകൂല്യം നൽകി;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക; വിശദമാക്കാമോ?

## സുരക്ഷാ കേരളം പദ്ധതി

2374. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, വി.എസ്.സുനിൽ കുമാർ

,, വി.ശശി

,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി നടത്തിയ പരിശോധനയിൽ ഗുരുതരമായ വീഴ്ച കണ്ടെത്തിയ തൊഴിലാളി ക്യാമ്പുകൾ അടച്ചു പൂട്ടിയിട്ടുണ്ടോ ; എങ്കിൽ എത്ര ക്യാമ്പുകൾ അടച്ചു പൂട്ടി ; ഒരോ ജില്ലയിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ എത്ര ക്യാമ്പുകളാണ് അടച്ചു പൂട്ടിയതെന്ന് വ്യക്തമാക്കുമോ ;

(സി) അടച്ചു പൂട്ടിയ ക്യാമ്പുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

## ശുചീകരണ മേഖലയിലെ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ

2375. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ശുചീകരണ മേഖലകളിലെ തൊഴിലാളികൾക്ക് കയ്യുറ, പാദരക്ഷ, മാസ്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കാറുണ്ടോ;

(ബി) ഇത്തരം തൊഴിലാളികൾക്ക് മഴക്കാലം പരിഗണിച്ച് എന്തൊക്കെ സുരക്ഷാ നടപടികൾ നൽകുവാനാണുദ്ദേശിക്കുന്നത്;

(സി) ഇതിനാവശ്യമായ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണോ വകുപ്പ് നേരിട്ടാണോ നൽകുന്നത് എന്നറിയിക്കുമോ?

## സ്വകാര്യ മേഖലകളിൽ തൊഴിൽ സംവരണം

2376. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ തൊഴിൽ സംവരണം നടപ്പിലാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിഷയം പഠിക്കുന്നതിനായി സർക്കാർ തലത്തിൽ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ആരുടെ നേതൃത്വത്തിൽ എന്ന് വ്യക്തമാക്കുമോ;

(ഡി) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോ ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ ?

## സ്വകാര്യ ഏജൻസികളുടെ തൊഴിൽ തട്ടിപ്പ്

2377. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ യുവാക്കൾ സ്വകാര്യ ഏജൻസികളുടെ തൊഴിൽ തട്ടിപ്പിനിരയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ നിന്ന് അവരെ മോചിപ്പിക്കാൻ തൊഴിൽ വകുപ്പിന്റെ കീഴിൽ റിക്രൂട്ട്മെന്റ് ഏജൻസികൾ ആരംഭിക്കാൻ മുൻകൈ എടുക്കുമോ;

(ബി) വ്യാജ ഏജൻസികളെ ബ്ളാക്ക് ലിസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം

2378. **ശ്രീ.കെ.മുരളീധരൻ**
**,,** ബെന്നി ബെഹനാൻ
**,,** ജോസഫ് വാഴയ്ക്കൻ
**,,** എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;വിശദമാക്കാമോ ;

(ബി) സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പ് വരുത്തിയിട്ടുണ്ടോ ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ?

## പാലക്കാട് ജില്ലയിലെ അന്യസംസ്ഥാന തൊഴിലാളികൾ

2379. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലുള്ള അന്യ സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രപേർക്കാണ് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകൾ വകുപ്പിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ഡി) ഇത്തരം ക്യാമ്പുകളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ടോ?

## തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ നിക്ഷേപം

2380. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളി ഒരോന്നിലും എത്ര തൊഴിലാളികൾ നിലവിൽ അംഗങ്ങളായുണ്ടെന്ന് പറയാമോ ;

(ബി) ഈ ഓരോ ക്ഷേമനിധി ബോർഡിലേക്കും പ്രതിവർഷം എത്ര രൂപ വീതം തൊഴിലാളികളുടെ അംശാദായമായും തൊഴിലുടമകളുടെ അംശാദായമായും ലഭിക്കുന്നുവെന്ന് പറയാമോ ;

(സി) ഓരോ ക്ഷേമനിധി ബോർഡിനും സ്ഥിരം നിക്ഷേപമായി ബാങ്കുകളിലോ , മറ്റേതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും ക്ഷേമനിധി ബോർഡിന്റെ തുക ദേശസാൽകൃത ബാങ്കിലോ ഷെഡ്യൂൾഡ് ബാങ്കിലോ അല്ലാതെ പുതു തലമുറ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ആരുടെ തീരുമാനമനുസരിച്ചാണ് ഈ നിക്ഷേപങ്ങൾ നടത്തിയതെന്ന് പറയാമോ ;

(ഇ) ബാങ്കുകളിൽ നിന്നും ട്രഷറികളിലേക്ക് തുക മാറ്റി നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ?

## പദ്ധതികളുടെ നടത്തിപ്പും പുരോഗതിയും

2381. **ശ്രീ.എം.എ.ബേബി**

**,,** പി.ശ്രീരാമകൃഷ്ണൻ

**,,** കെ. ദാസൻ

**,,** സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലും പുനരധിവാസവും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിലെ പുരോഗതിയും അറിയിക്കാമോ;

(ബി) തൊഴിലും തൊഴിലാളിക്ഷേമവും എന്ന കണക്കിൽ 2015 ജനുവരി 31 വരെ ആ സാമ്പത്തിക വർഷം നീക്കിവച്ച തുകയുടെ 57% മാത്രം ചെലവാക്കാനിടയായതിന്റെ കാരണം അവലോകനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

## അന്യസംസ്ഥാന തൊഴിലാളികളുടെ വരവ്

2382. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളെ കോൺട്രാക്ടർമാർ പല സ്ഥലങ്ങളിലും ടെൻറ് കെട്ടിയും മറ്റും താമസിപ്പിച്ചുവരുന്നത് തൊഴിൽ വകുപ്പിൻെറ അനുമതിയോടുകൂടിയാണോ എന്ന് വ്യക്തമാക്കുമോ ; അല്ലെങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ;

## സെക്യൂരിറ്റി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

2383. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന സെക്യൂരിറ്റി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര സെക്യൂരിറ്റി നിയമന ഏജൻസികളുണ്ടെന്നും പ്രസ്തുത ഏജൻസികൾക്കു കീഴിൽ ജോലി ചെയ്യുന്ന എത്ര സെക്യൂരിറ്റി ജീവനക്കാരുണ്ടെന്നും ഏജൻസി, ജില്ല തിരിച്ച കണക്കുകൾ നൽകാമോ?

## ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാഡമി

2384. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിലേക്കായി എത്ര ഏക്കർ ഭൂമിയാണ് വിലയ്ക്ക് വാങ്ങിയെതെന്നും എത്ര രൂപയ്ക്കാണെന്നും അറിയിക്കുമോ ;

(ബി) കഴിഞ്ഞ സർക്കാർ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിലേക്കായി എന്തൊക്കെ പ്രാഥമിക നടപടികളാണ് ആരംഭിച്ചിരുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് 4 വർഷം പിന്നിട്ടപ്പോൾ പ്രസ്തുത സ്ഥാപനം പ്രാവർത്തികമാക്കുന്നതിലേക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിൽ നിന്നും ഈ സർക്കാർ പിന്മാറിയോ ; ഇല്ലായെങ്കിൽ എന്നത്തേക്ക് ഈ സ്ഥാപനം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

## ഒക്കുപ്പേഷണൽ ഹെൽത്ത് സെൻറർ

2385. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തെ ഒക്കുപ്പേഷണൽ ഹെൽത്ത് സെൻററിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ആവശ്യമായ സ്റ്റാഫ്, ലാബ്, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## സ്വകാര്യമേഖലയിലെ തൊഴിൽ സംരക്ഷണം

2386. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ എത്രത്തോളം പുരോഗതിയുണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇവരുടെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

## അസംഘടിതമേഖലകളിലെ തൊഴിലാളികളുടെ ക്ഷേമം

2387. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുണിക്കടകൾ, സൂപ്പർ മാർക്കറ്റുകൾ, പെട്രോൾ പമ്പുകൾ , ജൂവല്ലറികൾ തുടങ്ങിയ പല തൊഴിൽ മേഖലകളിലും സ്ത്രീകൾ ഉൾപ്പെടെയുള്ള ജോലിക്കാർക്ക് ഇരിക്കുന്നതിനോ മതിയായ വിശ്രമത്തിനോ ഉള്ള സാഹചര്യം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തൊഴിൽ മേഖലകളിലെല്ലാം അധികസമയ ജോലി ചെയ്യേണ്ടി വരാറുണ്ടെന്നും ആയത് അവരുടെ ആരോഗ്യത്തെ സാരമായി ബാധിക്കാറുണ്ടെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് മതിയായ വിശ്രമം ലഭിക്കുന്നതിനും അർഹമായ വേതനം ലഭിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുമോ ?

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ

2388. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, എ.പി.അബ്ദുള്ളക്കുട്ടി

,, ഹൈബി ഈഡൻ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽമേഖലകളിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾഎന്തൊക്കെയാണ് വിശദാംശങ്ങൾ നൽകുമോ;

(സി) ഏതൊക്കെ മേഖലകളിലാണ് തൊഴിൽ നൈപുണ്യം സൃഷ്ടിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ?

## വിശ്വകർമ്മജർക്ക് പെൻഷൻ

2389. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ബഡ്ജറ്റിൽ വിശ്വകർമ്മജർക്ക് പെൻഷൻപദ്ധതി പ്രഖ്യാപിച്ചിരുന്നുവോ ; പ്രസ്തുത പദ്ധതി നടപ്പാക്കിത്തുടങ്ങിയോ ; ഇല്ലെങ്കിൽ എന്നുമുതൽ നടപ്പാക്കും ; പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

## ഐ.ടി.ഐ.കളുടെ നവീകരണം

2390. ശ്രീ.റ്റി.വി.രാജേഷ്

,, വി.ചെന്താമരാക്ഷൻ

ഡോ.കെ.ടി.ജലീൽ

ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ (ഐ.ടി.ഐ) നവീകരണത്തിനായി പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) നവീകരണ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി കേന്ദ്രസഹായത്തോടെയാണോ നടപ്പിലാക്കുന്നത് ; എങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതം ചെലവഴിച്ചതിന്റെ വിശദവിവരം ലഭ്യമാക്കുമോ ?

## മാടായി ഐ.ടി.ഐ. യിലെ കോഴ്സുകൾ

2391. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ യിൽ ഇപ്പോൾ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണ് ; പ്രസ്തുത കോഴ്സുകൾ പി.എസ്.സി. അംഗീകരിക്കാത്തതിനാൽ കൂടുതൽ ജോലി സാദ്ധ്യതയുള്ള ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ;

(ബി) മാടായി ഐ.ടി.ഐ . കെട്ടിടം ഉദ്ഘാടനസമയത്ത് തൊഴിൽ വകുപ്പ് മന്ത്രി പ്രഖ്യാപിച്ച, രണ്ട് വർഷം ദൈർഘ്യമുള്ളതും കൂടുതൽ തൊഴിൽ അവസരങ്ങൾ ഉള്ളതുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പുതുതായി ഏതെല്ലാം ട്രേഡുകൾ ആരംഭിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്; വിശദാംശം നൽകുമോ ?

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.

2392. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യ്-ക്ക് ഇറിഗേഷൻ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും പ്രസ്തുത സ്ഥലത്ത് ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

## കാസർഗോഡ് ഐ.ടി. ഐ. യിലെ ഒഴിവുകൾ

2393. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്ഐ.ടി.ഐ. യിൽ എത്ര തസ്തികകളാണ് നിലവിൽ ഉള്ളത് ; ഈ തസ്തികകളിൽ എല്ലാം നിയമനം നടന്നിട്ടുണ്ടോയെന്നും ഒഴിവുള്ള തസ്തികകൾ ഉണ്ടോയെന്നും അറിയിക്കുമോ ; എങ്കിൽ പ്രസ്തുത ഒഴിവുകൾ എന്ന് നികത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) കാസർഗോഡ്ഐ .ടി. ഐ. യിൽ സ്ഥിരം പ്രിൻസിപ്പൽ ഉണ്ടോ ; ഇല്ലെങ്കിൽ പുതിയ പ്രിൻസിപ്പലിനെ എപ്പോൾ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കാസർഗോഡ് ഐ. ടി. ഐ. യിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകൾ ഉണ്ട് ; ഇവിടെ പുതിയ കോഴ്സ് അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ

2394. **ശ്രീ.തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ സീനിയോറിറ്റി നഷ്ടപ്പെട്ടവർ എത്രയെന്ന് വിശദമാക്കാമോ ;

(ബി) 1995ന് മുൻപ് രജിസ്റ്റർ ചെയ്തവർക്കും യഥാസമയം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ

പോയവർക്കും രജിസ്ട്രേഷൻ പുതുക്കുന്നതിനു അവസരം നൽകുമോ?

<u>മാറഞ്ചേരി ഗവഃ **ITI-** യ്ക്ക് കെട്ടിടം</u>

2395. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗവഃ ITI- യ്ക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തത് മൂലം പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ITI -യ്ക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പഞ്ചായത്ത് നൽകിയ സ്ഥലം തൊഴിൽ വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാമോ?

<u>അഭയം പദ്ധതി</u>

2396. ശ്രീ.വി.ഡി.സതീശൻ

,, എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ്

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് അഭയം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി വഴി ഭവനരഹിതരായ ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന ധനസഹായങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്</u>

2397. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾഏതു സംസ്ഥാനക്കാരാണെന്നും എന്തൊക്കെ തൊഴിൽ ചെയ്യുന്നുവെന്നും എവിടെയൊക്കെ താമസിക്കുന്നുവെന്നും മനസ്സിലാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള ക്രിമിനൽ കേസുകളും ഇവർക്കെതിരെയുള്ള ചൂഷണങ്ങളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്യസംസ്ഥാന തൊഴിലാളികളിലെ ക്രിമിനലുകളെ തിരിച്ചറിയുവാനും ഇവർക്കെതിരെയുള്ള വർധിച്ച വരുന്ന ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനും അവസാനിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും തൊഴിൽ - ആഭ്യന്തര വകുപ്പുകൾ സംയുക്തമായി ഇവർക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

<u>ആശുപത്രി വ്യവസായബന്ധ സമിതി</u>

2398. ശ്രീ.സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ്

,, ബെന്നി ബെഹനാൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത സമിതി രൂപീകരണം വഴി സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സമിതി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

<u>വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി</u>

2399. ശ്രീ.എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് മാസ്റ്റർ ബിരുദം നേടുന്നതിനായി രൂപപ്പെടുത്തി വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിനായി 2013-14 , 2014-15 ബഡ്ജറ്റുകളിൽ എത്ര തുക വീതം ഉൾപ്പെടുത്തി; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

<u>വിവാഹ ധനസഹായം</u>

2400. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, ഹൈബി ഈഡൻ

,, കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നതെന്നു വിശദമാക്കുമോ ;

(ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത് ;

വിശദാംശങ്ങൾ നല്കുമോ;

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

2401. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി കേന്ദ്ര സർക്കാർ 2012-13 മുതൽ 2014-15 വരെ പട്ടികജാതിക്കാർക്ക് നൽകിയ തുകയെത്രയെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോവർഷവും നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പഞ്ചായത്തുകളിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപാ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പൂർത്തിയാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും വിവരിക്കുമോ?

സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതി

2402. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര കോളനികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന എത്ര കോളനികളാണ് അവശേഷിക്കുന്നത് ; ഇവ ഏതെല്ലാമാണ് ;

(സി) പ്രസ്തുത കോളനികളിൽ കൂടി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദേശ പഠനത്തിന് ധനസഹായം

2403. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, എം.എ. വാഹീദ്
,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിലാണ് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് ധനസഹായം നൽകി ; വ്യക്തമാക്കാമോ ;

(ഡി) ഒരു വിദ്യാർത്ഥിക്ക് എത്ര രൂപയാണ് സഹായമായി നൽകുന്നത് ; വിശദമാക്കുമോ ?

<u>ഉന്നത വിദ്യാഭ്യാസത്തിന് പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ</u>

2404. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പ്രൊഫഷണൽ/ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് സർക്കാർ/എയിഡഡ് കോളേജുകളിൽ ഹോസ്റ്റലുകൾ ഇല്ലാത്ത സാഹചര്യത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഇവർക്കായി പകരം എർപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കംപ്യൂട്ടർ നൽകുമെന്ന സർക്കാർ പ്രഖ്യാപനപ്രകാരം ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ വർഷം നൽകേണ്ട ലാപ് ടോപ് കമ്പ്യൂട്ടറുകളുടെ വിതരണം ഇനിയും നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ; എന്നത്തേക്ക് ഇവയുടെ വിതരണം നടത്താൻ കഴിയുമെന്നും ഈ പദ്ധതി തുടരുവാൻ തയ്യാറാകുമോയെന്നും വിശദീകരിക്കുമോ ;

<u>റാന്നി നിയോജകമണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ</u>

2405. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ ഏതൊക്കെ കോളനികളിലാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഓരോ കോളനിയിലും ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത് ; ഓരോ പദ്ധതിക്കും നീക്കിവച്ചിരിക്കുന്ന തുക എത്ര ; ഏത് ഏജൻസി വഴിയാണ് കോളനികളിൽ പദ്ധതി നിർവ്വഹണം നടത്തുന്നത് ; ഏതൊക്കെ പദ്ധതികളാണ് പൂർണ്ണമായും നടപ്പാക്കിയത് ; മറ്റു പദ്ധതികൾ ഏതു ഘട്ടം വരെയായി എന്നീ വിവരങ്ങൾ കോളനികളുടെ പേരു തിരിച്ച് വിശദമാക്കാമോ ?

പുലയാസ് കോളനി വ്യക്തിഗത വാട്ടർ കണക്ഷൻ

2406. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ" പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ പുലയാസ് കോളനിയിലെ ഇനിയും പൂർത്തീകരിക്കാനുള്ള വ്യക്തിഗത വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് താത്കാലിക ഉടമസ്ഥാവകാശം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ?

താനൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

2407. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്;

(സി) ഏതെല്ലാം പ്രവൃത്തികൾ ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏത് ഏജൻസിയാണ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തതെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്നും വെളിപ്പെടുത്താമോ?

പൂൾഡ് ഫണ്ടിൽ പൂർത്തിയാക്കുന്ന പദ്ധതികൾ

2408. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ പൂൾഡ് ഫണ്ട് എത്ര ശതമാനം ചെലവഴിച്ചു;

(ബി) പൂൾഡ് ഫണ്ടിൽ ഈ വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാം;

(സി) പൂൾഡ് ഫണ്ടിൽ പൂർത്തിയാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇനിയും അനുവദിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്നും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ബ്ലോക്ക് ഗ്രാന്റ് പദ്ധതി

T 2409. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ നിന്ന് 2014-2015-ലെ റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് പദ്ധതിയനുസരിച്ച് ബഡ്ജറ്റ് വിഹിതമായും റീ-അപ്രോപ്രിയേഷനിലൂടെയും എത്ര തുക നീക്കിവച്ചിരുന്നു എന്നും അതിൽ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) നിലവിലെ ബഡ്ജറ്റിൽ ഇതിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ; ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## പിന്നോക്ക സമുദായക്ഷേമ വകുപ്പ് മുഖേനയുള്ള പദ്ധതികൾ

2410. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പ് മുഖേന നടപ്പിൽ വരുത്തുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ചാലക്കുടി മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

2411. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പാറയം എസ്.സി. കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ചാലക്കുടി മണ്ഡലത്തിലെ കുറ്റിച്ചിറ അംബേദ്കർ കോളനികളുൾപ്പെടെയുള്ള വിവിധ എസ്.സി. കോളനികളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## ബാർബർ തൊഴിലാളികളുടെ പശ്ചാത്തല സൗകര്യ വികസനം

2412. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക സമുദായ വികസന വകുപ്പുവഴി പ്രസ്തുത സമുദായത്തിൽപ്പെട്ട ബാർബർ തൊഴിലാളികളുടെ പശ്ചാത്തല സൗകര്യങ്ങൾ ആധുനിക വൽക്കരിക്കുന്നതിനുള്ള ധനസഹായത്തിനായി 2013-14 ലെ ബഡ്ജറ്റ് വിഹിതമായി എത്ര തുക ഉൾക്കൊള്ളിച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വിഹിതമായി 2014-15 - ൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ?

## പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ

2413. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 2014-15 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 80 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പട്ടികജാതി മിശ്ര വിവാഹിതർക്കുള്ള ധനസഹായം

2414. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, കെ.ശിവദാസൻ നായർ

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിയ്ക്ക് എത്ര രൂപയാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത ധനസഹായം എത്ര രൂപയാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈയിനത്തിൽ ഇപ്പോൾ നല്കി വരുന്ന തുക വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

2415. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകൾക്ക് പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ കുറയ്ക്കുവാനോ, പരിമിതപ്പെടുത്തുവാനോ ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങൾ അതേപടി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

## പട്ടികജാതി വികസന ഫണ്ട് - ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

2416. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന ഫണ്ട് വിനിയോഗിച്ച് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ 2014-15 സാമ്പത്തിക വർഷം ഏതെല്ലാം പ്രവൃത്തികൾ നടപ്പിൽ വരുത്തുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ?

<u>കോർപ്പസ് ഫണ്ട് വിനിയോഗം</u>

2417. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം മാർച്ച് 31 വരെ കോർപ്പസ് ഫണ്ട് എത്ര ശതമാനം ചെലവഴിച്ചു;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഈ വർഷം പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തുടങ്ങാൻ തീരുമാനിച്ചതും ഇനിയും തുടങ്ങിയിട്ടില്ലാത്തതുമായ പദ്ധതികളുടെ പേരുകൾ ജില്ല തിരിച്ച് നൽകാമോ?

<u>പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിലെ ക്രമക്കേട്</u>

2418. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിൽ ക്രമക്കേടുകൾ എന്തെങ്കിലും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>പട്ടികജാതി കോളനികളുടെ നവീകരണം</u>

2419. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപ ചെലവഴിച്ച് പട്ടികജാതി കോളനികൾ നവീകരിക്കുന്ന പദ്ധതി 2015-16 വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം കോളനികൾ നവീകരിക്കുന്നുണ്ട് ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

<u>പട്ടികജാതി കോളനികളുടെ നവീകരണം</u>

T 2420. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി കോളനികളിലെ വീടുകൾ പുനരുദ്ധരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എഴുമാന്തുരുത്ത് പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണ്, ഫയൽ നമ്പർ അറിയിക്കാമോ ?

<u>കാസർഗോഡ് പട്ടികജാതി കോളനികൾ മോഡൽ കോളനികളാക്കി മാറ്റാൻ പദ്ധതി</u>

2421. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പട്ടികജാതി കോളനികൾ മോഡൽ കോളനികളാക്കി മാറ്റുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച് ലഭിച്ച പരാതികൾക്ക് എന്തെങ്കിലും പരിഹാരം കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ?

<u>പട്ടികജാതി കോളനികളുടെ വികസനത്തിനായി പദ്ധതി</u>

2422. **ശ്രീ.എസ്.രാജേന്ദ്രൻ**

**,,** ആർ. രാജേഷ്

**,,** രാജു എബ്രഹാം

**,,** കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായി പ്രഖ്യാപിച്ച സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി ലക്ഷ്യം നേടിയില്ലെങ്കിൽ അതിന്റെ കാരണം അവലോകനം ചെയ്തിട്ടുണ്ടോ;

<u>പട്ടികജാതി വിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളാൻ നടപടി</u>

2423. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത് ; തുകയുടെ പരിധി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ;എങ്കിൽ എന്ന് മുതലാണ് വർദ്ധിപ്പിച്ച തുകയ്ക്ക് പ്രാബല്യം നല്കിയിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വായ്പകൾ എഴുതിത്തള്ളുന്നതിനായി എത്ര

രൂപയാണ് അനുവദിച്ചത് ; എത്ര പേർക്ക് അതിന്റെ ഗുണം ലഭിച്ചു ; വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകി ?

(സി)

പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനം .

2424. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി പ്രത്യേക ഘടക പദ്ധതിയനുസരിച്ച് 2013-14 - ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു;

(ബി) 2014-15- ലെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; ഇതുവരെ എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ?

സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

2425. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ആരംഭിച്ചത് എന്നുമുതലാണ് ;

(ബി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കൊല്ലംജില്ലയിൽ നിന്ന് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുന്നതിന് ഏതെല്ലാം കോളനികളുടെ ശിപാർശകളാണ് ലഭിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത കോളനികളുടെ നവീകരണച്ചുമതല ആർക്കായിരുന്നു എന്നും നവീകരണത്തിന്റെ നിലവിലെ സ്ഥിതിയും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) 2014-15 സാമ്പത്തിക വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ ശിപാർശ ക്ഷണിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ശ്രീലങ്കയുമായുള്ള സഹകരണം

2426. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ ശ്രീലങ്കയുമായി സംസ്ഥാനം സഹകരിക്കുന്നതിലുള്ള പുരോഗതി വിശദമാക്കുമോ ;

(ബി) ഏതൊക്കെ മേഖലകളിൽ എപ്രകാരമാണ് സഹകരണമെന്ന് വ്യക്തമാക്കുമോ ;

(സി) ശ്രീലങ്കയുമായുള്ള പ്രസ്തുത മേഖലയിലെ സഹകരണം മൂലം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസ പുരോഗതി വ്യക്തമാക്കുമോ ?

## പട്ടികജാതിക്കാർക്ക് ചികിൽസാ ധനസഹായം

2427. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, സി.പി.മുഹമ്മദ്

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിൽസാ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരാൾക്ക് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) എത്ര പേർക്കാണ് പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നത്; വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ?

## മിഷൻ **676** ഉൾപെടുത്തി വായ്പാ കുടിശ്ശിക എഴുതിത്തള്ളൽ

2428. ശ്രീ.കെ.രാധാകൃഷ്ണൻ

,, കെ.വി.വിജയദാസ്

,, കെ.കെ.നാരായണൻ

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ പട്ടികജാതിയിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്ത ഒരു ലക്ഷം രൂപ വരെയുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) ബജറ്റിൽ തുക വകയിരുത്താതെ ഈ പദ്ധതി നടപ്പാക്കാനുദ്ദേശിച്ചിരിക്കുന്നത് എങ്ങനെയെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതി ഇതുവരെ എത്രപേർക്ക് പ്രയോജനപ്പെട്ടുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനായി ചെലവഴിച്ച തുകയെത്രയെന്ന് അറിയിക്കുമോ?

## പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് **II** നിയമനം

2429. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയിൽ നേരിട്ടുള്ള നിയമനം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര

ശതമാനമാണ് നേരിട്ടുള്ള നിയമനം;ആയതിൻ പ്രകാരം ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എന്നാണ് അവസാനമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തത്;എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; വ്യക്തമാക്കുമോ;

(ബി) എത്ര പേരെ നിയമനത്തിനായി പി.എസ്.സി ശിപാർശ ചെയ്തു; എന്നാണ് ശിപാർശ ലഭിച്ചത് ;എല്ലാപേർക്കും നിയമനം നൽകിയോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സ്പെഷ്യൽ റൂളിൽ മാറ്റം വരുത്താൻ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

<u>പയ്യന്നൂരിലെ വിനോദ സഞ്ചാര പ്രോജക്ട്</u>

2430. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊജക്ടുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ?

<u>ചെറായി ബീച്ചിലെ ടൂറിസ്റ്റ് അസിസ്റ്റൻസ് സെൻറർ .</u>

T 2431. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി ബീച്ചിലെ നിർദ്ദിഷ്ട ടൂറിസ്റ്റ് അസിസ്റ്റൻസ് സെൻറർ പ്രവർത്തനക്ഷമമാക്കുന്നതിലുള്ള കാലതാമസ്സം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി എന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) നിശ്ചിത സമയപരിധിയിൽ പൂർത്തീകരിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ഡി) ഇനിയും എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത കെട്ടിടത്തിൽ പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത സെൻററിലേക്ക് ആവശ്യമായി വരുന്ന ജീവനക്കാരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത സെൻററിൻെറ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

<u>ടൂറിസം ഡെസ്റ്റിനേഷനുകളുടെ നവീകരണം</u>

2432. **ശ്രീ.ഇ.പി.ജയരാജൻ**

**,, പി.കെ.ഗുരുദാസൻ**

**,, എം.ചന്ദ്രൻ**

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരുന്ന വിദേശ ആഭ്യന്തര ടൂറിസ്റ്റുകൾ നിർബന്ധമായും കണ്ടിരിക്കേണ്ടതായി മാർക്കറ്റ് ചെയ്യുന്ന പ്രമുഖമായ കേരള ടൂറിസം ഡെസ്റ്റിനേഷനുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത ഡെസ്റ്റിനേഷനുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ടൂറിസം ഡെസ്റ്റിനേഷനുകളിലെ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

## ആലപ്പുഴ ഡി.റ്റി.പി.സി യിലെ നിയമനം

2433. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഡി.റ്റി.പി.സി യുടെ കീഴിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; അവരുടെ തസ്തിക തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) ഈ ജീവനക്കാർ എങ്ങനെയാണ് നിയമിതരായിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) 2011-2015 മേയ് മാസം വരെ ആലപ്പുഴ ഡി.റ്റി.പി.സി ൽ എത്ര പേർക്ക് നിയമനം, ഇവരുടെ നിയമനരീതിയുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ?

## മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ

2434. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷനാക്കുന്നത് സംബന്ധിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## അനധികൃത ജലവിനോദ യാത്ര

2435. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ അനധികൃതമായി നടത്തുന്ന ജലവിനോദ യാത്രകൾ സഞ്ചാരികളുടെ ജീവൻ അപഹരിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അനധികൃത ജലയാത്രകൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) തട്ടേക്കാട്, തേക്കടി, പൂവ്വാർ ബോട്ടു ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ യാത്രാ ബോട്ടുകൾ പാലിക്കേണ്ട വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

<u>ജലവിമാന സർവ്വീസ് പദ്ധതി</u>

2436. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, പി.എ.മാധവൻ

,, ഹൈബി ഈഡൻ

,, എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളെ ബന്ധപ്പെടുത്താനും അതുമുഖേന വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ് നൽകാനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദമാക്കുമോ?

<u>താനൂർ ഒട്ടുമ്പ്രം ടൂറിസം പദ്ധതി</u>

2437. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഒട്ടുമ്പ്രം ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) എത്ര തുകയാണ് ഈ പദ്ധതിക്കായി വിനിയോഗിക്കുന്നത്;

(സി) ഏത് ഏജൻസിയെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്;

(ഡി) പ്രവൃത്തി എന്നത്തേക്കു പൂർത്തീകരിക്കുവാനാകുമെന്ന് വിശദമാക്കാമോ?

<u>മുനമ്പം, ചെറായി ബീച്ചുകളിൽ നിന്നുള്ള വരുമാനം</u>

2438. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം, ചെറായി ബീച്ചുകളിൽ നിന്നും 2012 ജനുവരി മാസം മുതൽ ഇതുവരെ ഡി.ടി.പി.സി.ക്ക് ഏതെല്ലാം ഇനങ്ങളിൽ നിന്നായി എത്ര രൂപ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

<u>സോഷ്യൽ ടൂറിസം</u>

2439. ശ്രീ.സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.ഡി.സതീശൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) അന്യംനിന്നു പോകുന്നതും അവഗണിക്കപ്പെടുന്നതുമായ കലാരൂപങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ആരൊക്കെയാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ബേക്കൽ റിസോട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ</u>

2440. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ആർ.ഡി.സി.(ബേക്കൽ റിസോർട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ) ക്ക് ഒരു വർഷം എത്ര തുകയാണ് വരുമാനമായി ലഭിക്കുന്നത് ; പ്രസ്തുത തുക ബി.ആർ.ഡി.സി. ക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ബി.ആർ.ഡി.സി. യുടെ കൈവശം നിലവിൽ എത്ര തുക നീക്കിയിരിപ്പുണ്ട് ;

(സി) പ്രസ്തുത തുക ബി.ആർ.ഡി.സി.യുടെ ഡെസ്റ്റിനേഷൻ പരിധിയിൽ വരുന്ന പഞ്ചായത്തുകളുടെ ഭൗതിക സാഹചര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉപയോഗിക്കുക വഴി ടൂറിസം വികസനത്തിന് സാധ്യമാകുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നീക്കിയിരിപ്പുതുക പഞ്ചായത്തുകളുടെ ഭൗതിക സാഹചര്യം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന വിഷയം പരിഗണിക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ ?

<u>കണ്ണൂർ ജില്ലയിലെ ടൂറിസം അടിസ്ഥാന പദ്ധതികൾ</u>

2441. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന ടൂറിസം അടിസ്ഥാന പദ്ധതികൾ എന്തൊക്കെയാണ് ; അവ ഒരോന്നും ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഭരണാനുമതി നൽകിയ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണം ഇനിയും പൂർത്തീകരിക്കാനായി ബാക്കിയുണ്ട് ; വിശദമാക്കാമോ ?

<u>ചാവക്കാട് ബീച്ച് ടൂറിസം പദ്ധതി</u>

2442. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ബീച്ച് ടൂറിസം പദ്ധതി ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി അറിയാമോ; എങ്കിൽ എന്താണെന്ന് അറിയിക്കുമോ;

<u>കാസർഗോഡ് ഗവ. ഗസ്റ്റ് ഹൗസ്</u>

2443. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ അതിഥി മന്ദിരത്തിൽ എത്ര മുറികളാണ് ഉള്ളത് ; കേരളത്തിന്റെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഈ അതിഥി മന്ദിരത്തിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് വരുന്ന അതിഥികളെ ഉൾക്കൊള്ളാൻ സ്ഥലപരിമിതി മൂലം സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാസർഗോഡ് അതിഥി മന്ദിരത്തിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കാൻ ആലോചനയുണ്ടോ ; എങ്കിൽ ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എസ്റ്റിമേറ്റ് തുക എത്രയാണ് ; ഇതിനുള്ള ഭരണാനുമതി എപ്പോൾ ലഭ്യമാകും ?

<u>വെടിക്കോട് അനുവദിക്കുന്ന പദ്ധതികൾ</u>

2444. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെടിക്കോട് ചാൽ നവീകരണത്തിന് എം.എൽ.എ കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) വെടിക്കോട് ചാൽ നവീകരണത്തിനാവശ്യമായ പ്രോജക്ട് നാളിതുവരെയും ഡി.റ്റി.പി.സി തയ്യാറാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആവശ്യമായ പ്രോജക്ട് തയ്യാറാക്കി വെടിക്കോട് ചാൽ നവീകരണ പദ്ധതി അടിയന്തരമായി ആനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ടൂറിസം പദ്ധതിയുടെ ഭാഗമായ ടേക്ക്-എ-ബ്രേക്ക് പദ്ധതി വെടിക്കോട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം</u>

2445. ശ്രീ.പി.സി വിഷ്ണുനാഥ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ പ്രസ്തുത പദ്ധതികളനുസരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

## തിരുവനന്തപുരം ഡി.റ്റി.പി.സി സെക്രട്ടറിക്കെതിരായ കേസുകൾ

2446. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിയുടെ അന്യത്രസേവന കാലാവധി അവസാനിച്ചശേഷവും പ്രസ്തുത സ്ഥാനത്ത് തുടരുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത സെക്രട്ടറിക്കെതിരെ എത്ര കേസുകളിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പരാതികളിന്മേലാണ് അന്വേഷണം നടക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതി

2447. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷൻ വഴി നിർവ്വഹണം നടത്തുന്നതും കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്നതുമായ മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികളുടെ ടെണ്ടർ നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

## അഷ്ടമുടിക്കായൽ ടൂറിസം വികസനത്തിന് മാസ്റ്റർ പ്ലാൻ

2448. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായൽ ടൂറിസം വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് തെരഞ്ഞെടുത്തത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത ഏജൻസി മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) മാസ്റ്റർ പ്ലാനിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏജൻസിയെ തെരഞ്ഞെടുത്തിട്ടില്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വിശദമാക്കുമോ?

<u>അതിരപ്പിള്ളിയിൽ കാർ റോപ്പ് വേ</u>

2449. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനു സമീപത്തായി ഒരു 'കാർ റോപ്പ് വേ' സ്ഥാപിക്കുന്നതിനും, അതിരപ്പിള്ളിയിൽ ഡി.റ്റി.പി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു 'ടൂറിസം ഫെസിലിറ്റേഷൻ സെന്റർ' സ്ഥാപിക്കുന്നതിനും വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടുകൾ യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ആദിച്ചനെല്ലൂർചിറ ടൂറിസം പദ്ധതി</u>

2450. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർചിറ ടൂറിസവുമായി ബന്ധപ്പെട്ട വികസന ആവശ്യങ്ങൾക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും ഭരണാനുമതി നൽകിയ തീയതി എന്നാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത ഭരണാനുമതി പ്രകാരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല ആർക്കാണ് ; നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്ന ജോലികൾ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(ഡി) പ്രസ്തുത ടൂറിസം പദ്ധതി പൂർത്തീകരിക്കുവാൻ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നത്തേക്ക് നിർമ്മാണ ജോലികൾ പൂർത്തീകിരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ചുണ്ടൻവള്ളങ്ങളുടെ നിർമ്മാണം</u>

2451. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ചുണ്ടൻവള്ളങ്ങൾ പുതുക്കി പണിയുന്നതിനും വള്ളപ്പുരകൾ നിർമ്മിക്കുന്നതിനും തുക അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

## പൂർത്തീകരിക്കാൻ സാധിക്കാത്ത കേന്ദ്ര ടൂറിസം പദ്ധതികൾ

2452. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, പുരുഷൻ കടലുണ്ടി

,, എം.ചന്ദ്രൻ

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുമതി ലഭിച്ചതും യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതുമായ ടൂറിസം പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര ടൂറിസം വകുപ്പിൽ നിന്നും മുൻ സർക്കാരിന്റെ കാലത്ത് നേടിയെടുത്ത പദ്ധതികൾ ഏതെങ്കിലും ഇനിയും പൂർത്തീകരിക്കാൻ ബാക്കി നിൽപുണ്ടോ; ടൂറിസം പദ്ധതികൾക്കായി കേന്ദ്രം അനുവദിച്ച ഫണ്ട് പൂർണ്ണമായും യഥാസമയം നേടിയെടുക്കാൻ കഴിയാതെ പോയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിലാണെന്ന് അറിയിക്കാമോ;

(സി) വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഏതെല്ലാം പദ്ധതികൾക്ക് അനുവദിച്ച കേന്ദ്രഫണ്ട് തിരികെ നൽകേണ്ടതായി വന്നിട്ടുണ്ട്;

(ഡി) കോഴിക്കോട് ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്രം പാസ്സാക്കിയ തുക എത്രയായിരുന്നുവെന്നും ഇത് ഏത് വർഷത്തിലായിരുന്നുവെന്നും തുക പൂർണമായും നേടിയെടുക്കാൻ സാദ്ധ്യമായോ എന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വെളിപ്പെടുത്തുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.